**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**

**(SUBJECT COMMITTEE III)**

**ജലവിഭവം**

# (WATER RESOURCES)

# ആനുകാലിക റിപ്പോർട്ട്

**(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)**

# PERIODICAL REPORT

**(FROM 1st APRIL 2022 TO 31st MARCH 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2023 സെപ്റ്റംബർ 12-ാം തീയതി സമർപ്പിച്ചത്**

**(Presented on 12 th september, 2023)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**SECRETARIAT OF THE KERALA LEGISLATURE**

**THIRUVANANTHAPURAM**

**2023**

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

**ജലവിഭവം**
**(WATER RESOURCES)**

# ആനുകാലിക റിപ്പോർട്ട്

**(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)**

# PERIODICAL REPORT

**(FROM 1st APRIL 2022 TO 31st MARCH 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239–ാം ചട്ടത്തിന്റെ (1)–ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 4 |

## സബ്ജക്ട് കമ്മിറ്റി III

## (ജലവിഭവം)

(2021-2023)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ.  റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി  ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ, എം. കെ., അണ്ടർ സെക്രട്ടറി

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ, സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2021 ജൂൺ 7- ാം തീയതിയിലെ 26- ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2021-2023), 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 04-04-2022, 12-04-2022, 27-04-2022, 21-06-2022, 22-10-2022, 16-02-2023, 22-02-2023 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ, പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ മറ്റ് ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് എന്നിവയുടെ പരിഗണനയ്ക്കാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 54% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അധ്യായം | I | - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അധ്യായം | II | - സമിതി പരിശോധിച്ച ബില്ലുകൾ |
| അധ്യായം | III | - സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ. ഒ -കൾ/ റെഗുലേഷനുകൾ |
| അധ്യായം | IV | - നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അധ്യായം | V | - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ. |
| അധ്യായം | VI | - 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം. |
| അധ്യായം | VII | - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ആഗസ്റ്റ് 16- ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം
2023 സെപ്റ്റംബർ 12.

**റോഷി അഗസ്റ്റിൻ,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി III.

# 01.04.2022 മുതൽ 31.03.2023 വരെയുള്ള ആനുകാലിക റിപ്പോർട്ട്

## അധ്യായം -I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III -ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചു.

2) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III - ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു.

3) സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു.

4) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III -ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചു.

## അധ്യായം -II

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

## അധ്യായം -III

## സമിതി പരിഗണിച്ച ചട്ടങ്ങൾ / എസ്.ആർ.ഒ കൾ/ റെഗുലേഷനുകൾ

ഇല്ല.

## അധ്യായം -IV

### നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

## അധ്യായം –V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2018-19 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് | 28/06/2022 |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് | 28/06/2022 |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2021-22 | ജലവിഭവ വകുപ്പ് [കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി-KRWSA)] | 20/07/2022 |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2018-19 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് [കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി-KRWSA)] | 15/03/2023 |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2021-22 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് | 15/03/2023 |
| XXXVIII-ജലസേചനം | 2021-22 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് , ഇറിഗേഷൻ പ്രോജക്ട്-I, ഇറിഗേഷൻ പ്രോജക്ട്-2, കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി | 15/03/2023 |

## അധ്യായം -VI

2022-23 -ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 1 | 2 | 3 | 4 |
| 101 | 1-101 | ഇല്ല | ഇല്ല |

## അധ്യായം -VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

തിരുവനന്തപുരം.
2023 ആഗസ്റ്റ് 16.

**റോഷി അഗസ്റ്റിൻ,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി III.

# <u>അനുബന്ധം</u>

## 1. <u>04.04.2022-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2022 ഏപ്രിൽ മാസം 4-ാം തീയതി ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ</u>**

1. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.
2. ശ്രീ. മാണി സി. കാപ്പൻ ”
3. ശ്രീ. എച്ച്. സലാം ”
4. ശ്രീ. ടി. സിദ്ദിഖ് ”

**<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗം</u>**

1. ശ്രീ. കെ.പി.എ. മജീദ്, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

**<u>ഹാജരായ ഉദ്യോഗസ്ഥർ</u>**

1. ശ്രീ. ടി.കെ. ജോസ്, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
3. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. അലക്സ് വർഗീസ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്.
5. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) & ഡയറക്ടർ, ഐ.ഡി.ആർ.ബി.

6. ശ്രീ. ബിനു ജയകുമാർ ജെ., ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-II, ജലസേചന വകുപ്പ്.
7. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ (ഐ.എൻ & കെ.പി.) ആലപ്പുഴ.
8. ശ്രീമതി ഷീബ ജി.ആർ., സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്റ്റ്-II, ജലസേചന വകുപ്പ്.
9. ശ്രീ. സലിൽ എച്ച്., ഫിനാൻസ് ഓഫീസർ, ഐ.ഡി.ആർ.ബി.

**വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ ഉദ്യോഗസ്ഥൻ**

1. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്-I), കോഴിക്കോട്, ജലസേചന വകുപ്പ്.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം) സംബന്ധിച്ച കുറിപ്പ് സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**2700-26-101-98-34-2** – വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ -മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-15-101-98-34-2** – ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ - മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്.

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 –80 –052– 98–02–5 –** ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - വേതനം -ദിവസവേതനം.

ആലപ്പുഴ മെക്കാനിക്കൽ ഡിവിഷൻ വർക്ക്ഷോപ്പിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701–80–052–98–34–3 –** ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും- മറ്റു ചെലവുകൾ- മറ്റിനം.

ജലവിഭവ വകുപ്പ് പുതുതായി വാങ്ങിയ എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ അധിക ചെലവിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 –80 –001– 92–99 –** ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ -ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.

വകുപ്പ് നവീകരണത്തിന്റെ ഭാഗമായി ഇ-ഓഫീസ്, ജി. ഐ. എസ്. പ്ലാറ്റ്ഫോം എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01– 103– 99– 34– 3 –** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ - സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 -01- 103- 98- 34- 3** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള വെള്ളപ്പൊക്കകെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 -02- 103- 99- 34- 3** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ മൺസൂൺ മാസങ്ങളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണകെടുതികൾ നേരിടുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 27.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -800-99** - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്ക നിയന്ത്രണം - മറ്റു ചെലവുകൾ - ജലാശയങ്ങളുടെ സംരക്ഷണത്തിനും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുമുള്ള സമഗ്ര പാക്കേജ്.

കുട്ടനാട്ടിലെ വേമ്പനാട്, അഷ്ടമുടി എന്നീ തണ്ണീർത്തടങ്ങളിലെ ആവാസവ്യവസ്ഥകളുടെ പാരിസ്ഥിതിക സുരക്ഷ വീണ്ടെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 – 21 -800-96** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - തോട്ടപ്പള്ളി സ്പിൽവേ (വാണിജ്യേതരം)- മറ്റുചെലവുകൾ - സ്പിൽവേ.

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ എറ്റെടുക്കുന്നതിനായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 -01 -103-99-(01)** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ

തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ പ്രളയം മൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 -01 -103-98-(01)** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്- വെള്ളപ്പൊക്കനിയന്ത്രണം -സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തു പണികൾ .

തിരുവനന്തപുരം നഗരത്തിലെ കനാലുകളും തോടുകളും വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 02** – വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണ പണികൾക്കായി 13.1 കോടി രൂപയും ഓഫീസിനു കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ വൈദ്യുതി ചെലവിനത്തിലായി 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 13.4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 03** – വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കാത്ത വാർഷിക അറ്റകുറ്റപ്പണികൾക്കായും പൂന്തോട്ടത്തിന്റെ നവീകരണത്തിനായും ഈ ശീർഷകത്തിൽ 34.79 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 04** – വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണപ്പണികൾക്കായി 3 കോടി രൂപയും വൈദ്യുതി ചെലവിനത്തിലായി 2.5 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3.025 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–05** – വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയിൽ ഉൾപ്പെട്ട ഗായത്രി ഡാം, ചുള്ളിയാർ ഡാം, പലകപ്പാണ്ടി ഡൈവേർഷൻ സിസ്റ്റം എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായും വൈദ്യുതി ചെലവിനത്തിലും പൂന്തോട്ട നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 97.08 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-12** – വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**2700-13** – വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 603 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായും ഡാം പരിസരം കൂടുതൽ ആകർഷണീയമാക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 3.5368 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-17** – വൻകിട ജലസേചനം - ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലിന്റെ സംരക്ഷണ പ്രവൃത്തികൾക്കായും MLIS വൈദ്യുതി ചാർജ്ജ്, മൂലത്തറ റെഗുലേറ്ററിന്റെ വൈദ്യുതി ചാർജ്ജ്, ഇലക്ട്രിക് ഇൻസ്പെക്ടറുടെ ചാർജ്ജ് എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.131 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-18** – വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 6.4302 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-25** – വൻകിട ജലസേചനം - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

വൈദ്യുതി ചാർജ്ജ്, കെട്ടിട വാടക എന്നീ ചെലവിനങ്ങൾക്കായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-11** – ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്പണികൾക്കായി 4.55 കോടി രൂപയും വൈദ്യുതി ചെലവിനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.85 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-12** – ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഓഫീസ് കെട്ടിടം, ക്വാർട്ടേഴ്സുകൾ, ഐ.ബി. എന്നിവ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -12** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം.)

പഴശ്ശി പദ്ധതിയിൽ ഉൾപ്പെട്ട വരുന്ന മെയിൻ കനാലിന്റെയും മാഹി ബ്രാഞ്ച് കനാലിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 11.59 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 13** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം.)

കുറ്റ്യാടി ജലസേചന പദ്ധതിയിലെ അപകടാവസ്ഥയിലുള്ളതും 50 വർഷം പഴക്കമുള്ളതുമായ കനാലിന്റെയും കനാൽ അനുബന്ധ നിർമ്മിതികളുടെയും 5 വർഷം

കൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന 180 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതമായി ഈ ശീർഷകത്തിൽ 37 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 –24 –** വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുരിയാർകുറ്റി- കാരപ്പാറ പദ്ധതി (വാണിജ്യേതരം).

കുരിയാർകുറ്റി - കാരപ്പാറ പദ്ധതിയിൽ SAKKIP-ന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കേണ്ടതായ തുടർ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 –25 –** വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)

മൂലത്തറ ആർ.ബി. കനാൽ പദ്ധതിയിൽ രണ്ടാംഘട്ടം സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 –28 –** വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം).

ബാണാസുര സാഗർ പദ്ധതിയിലെ വീട്ടിക്കാമൂല, വെണ്ണടിയോട്, കുപ്പാടിത്തറ, കുറുമ്പാല എന്നീ റഗുലേറ്ററുകളുടെ പ്രവർത്തനങ്ങൾക്കും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 18.1128 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 – 12** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയുടെ പുനരുജ്ജീവനത്തിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –13** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

കബനി-കാരാപ്പുഴ പദ്ധതിയിൽ ഉൾപ്പെടുന്ന വലതുകര കനാലിൽ നിന്ന് ഉത്ഭവിക്കുന്ന 5 ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –17** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
ചേരമംഗലം പദ്ധതി (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –18** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
- ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

ചമ്രവട്ടം പ്രോജക്ടിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.74 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 – 80 –800–72 –** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും, ഡ്രൈനുകളുടെയും ആധുനികവത്കരണം.

കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 01 –** വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയിലുൾപ്പെട്ട, കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ, 700 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–11 –** വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5928 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–14 –** വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വാഴാനി പൂന്തോട്ടത്തിൽ പുതിയ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും പഴയവയുടെ പരിപാലനത്തിനും മറ്റ് നിർമ്മിതികൾ പുനരുദ്ധരിച്ച് പൂന്തോട്ടം കൂടുതൽ

ആകർഷണീയമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-16** – വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന 500 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-27** – വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 1000 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ സംരക്ഷണത്തിനും ജലവിതരണം സുഗമമാക്കുന്നതിനുള്ള അടിയന്തര അറ്റകുറ്റപ്പണികൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-02** – ഇടത്തരം ജലസേചനം - ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 360 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-14** – ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം)

DSR ലുള്ള വർദ്ധനവ് മൂലം എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ ചിമ്മിണി പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.52 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-20** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)

2025- ഓടുകൂടി കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ ലിങ്ക് കനാലിന്റെ പൂർത്തീകരണത്തിനും കാഞ്ഞൂർ തെക്കും ഭാഗം സംബന്ധിച്ച സ്ഥലമെടുപ്പിനുമായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം).

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനും കുടിശ്ശിക ബില്ലുകൾ മാറുന്നതിനും വിവിധ കോടതികളിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ വിധിക്കടം ഒടുക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 11.4425 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

20.04.2022-ന് ചേരുവാൻ നിശ്ചയിച്ചിരുന്ന സമിതിയോഗം 12.04.2022- ലേക്ക് മാറ്റുവാൻ തീരുമാനിച്ചു.

വൈകുന്നേരം 4.15-ന് യോഗം അവസാനിച്ചു.

## 2. 12.04.2022-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2022 ഏപ്രിൽ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ.ബി. ഗണേഷ്കുമാർ, എം.എൽ.എ.
2. ശ്രീ. സി.ആർ. മഹേഷ് ”
3. ശ്രീ. കെ.പി.എ. മജീദ് ”
4. ശ്രീ. പി. മമ്മിക്കുട്ടി ”
5. ശ്രീ. കെ.ജെ. മാക്സി ”

**വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗങ്ങൾ**

1. ശ്രീ. എച്ച്. സലാം, എം.എൽ.എ.
2. ശ്രീ. ടി. സിദ്ദിഖ് ”

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. ടി.കെ. ജോസ്, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. വെങ്കടേശപതി എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.

3. ശ്രീമതി ആൻസി ജോസഫ്, ഡയറക്ടർ, ഭൂഗർഭജല വകുപ്പ്.
4. ശ്രീ പ്രേംലാൽ എം., ഡയറക്ടർ, ജലനിധി.
5. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
6. ശ്രീ. അലക്സ് വർഗീസ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്.
7. ശ്രീ. അനിൽകുമാർ കെ.കെ., ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ് & ഓപ്പറേഷൻസ്), കേരള വാട്ടർ അതോറിറ്റി.
8. ശ്രീമതി പി. വിജയലക്ഷ്മി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. അജി ഫ്രാൻസിസ്, സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.
10. ശ്രീമതി ബിന്ദുറാണി സി., സീനിയർ ഫിനാൻസ് ഓഫീസർ, ഭൂഗർഭജല വകുപ്പ്.
11. ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
12. ശ്രീ. പി. ഗോപിനാഥൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്), കെ.ആർ. ഡബ്ല്യൂ.എസ്.എ.
13. ശ്രീ. പി. നാരായണൻ നായർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
14. ശ്രീ. വിൽസൺ പി.വി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഭൂഗർഭജല വകുപ്പ്.
15. ശ്രീ. പി.കെ. ജോണി, മാനേജർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
16. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് XX (ശുദ്ധജലവിതരണവും ശുചീകരണവും), XXIX [കൃഷി (ചെറുകിട ജലസേചനം)] എന്നീ നമ്പർ ധനാഭ്യർത്ഥകൾ സംബന്ധിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**4215 - 01- 102- 98 (01) -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- നബാർഡ് സഹായമുള്ള ഗ്രാമീണ ജല വിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 133.0594 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-106-97** – ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും- വായു-ജല മലിനീകരണം തടയൽ- നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തി

നദികൾ മാലിന്യമുക്തമാക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-92** – ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അതിർത്തി അളന്ന് നിശ്ചയിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, ഡാമുകൾ എന്നിവയുടെ നവീകരണത്തിനും സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും വാർഷിക അറ്റകുറ്റപ്പണികൾക്കും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 41.9279 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 88** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജല വിതരണ പദ്ധതി

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികളുടെ നിർവ്വഹണത്തിനും GIS അസറ്റ് മാപ്പിംഗ് നടപ്പിലാക്കിയതിന്റെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 20.69 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 02- 190- 99** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി.

നിലവിൽ നടപ്പിലാക്കി വരുന്ന 87 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 9.0889 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 101- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധ ജലവിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ /പുനരധിവാസം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും പൊതുജനങ്ങൾക്ക് കുടിവെള്ളം സുഗമമായി ലഭ്യമാക്കുന്നതിനായി നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായ പ്രവർത്തനങ്ങൾക്കും പിൽക്കാലത്ത് മുൻസിപ്പാലിറ്റികളായി മാറിയ പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 134.2254 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും കാലപ്പഴക്കം മൂലം തുടർച്ചയായി കേടുപാടുകൾ സംഭവിക്കുന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും പൊതുജനങ്ങൾക്ക് കുടിവെള്ളം

സുഗമമായി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 235.0522 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 89** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 575 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 376.1702 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എ.സി. പൈപ്പുകളുടെ കാലാവധി 25 വർഷമാണെന്നിരിക്കെ നിലവിൽ 35-40 വർഷം പഴക്കമുള്ള എ.സി. പൈപ്പുകളിലൂടെ വെള്ളം കൂടുതലായി ഒഴുകുന്നത് അവ പൊട്ടിപ്പോകാൻ ഇടയാക്കുമെന്നതിനാൽ ഇത്തരത്തിൽ കാലാവധി കഴിഞ്ഞ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

30 വർഷത്തിനു മുകളിൽ കാലപ്പഴക്കമുള്ള മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുന്നതോടു കൂടി മാത്രമേ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം പൂർണ്ണമാകുന്നുള്ളൂ എന്ന് നിരീക്ഷിച്ച സമിതി അതിനുവേണ്ട പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു.

**4215 – 01– 101– 96** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- അരുവിക്കര പംമ്പിങ് സ്റ്റേഷന്റെ നവീകരണം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും അരുവിക്കര പമ്പിങ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപ്പിലാക്കി വരുന്ന 72 MLD സംഭരണശേഷിയുള്ള

ശുദ്ധീകരണശാലയിലേയ്ക്കും പമ്പ് ഹൗസിലേയ്ക്കുമുള്ള റോഡ് ടാർ ചെയ്യുന്നതിനും വൈദ്യുതീകരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 2.8011 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 91** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - മാനവശേഷി വികസനവും ഗവേഷണവും.

നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 92** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 39 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.1034 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വകുപ്പിന് കൃത്യമായ ഫണ്ട് ഉണ്ടായിരുന്നിട്ടും അത് പൂർണ്ണമായി വിനിയോഗിക്കാതിരുന്നാൽ വരും വർഷങ്ങളിലെ ധനാഭ്യർത്ഥനകളിൽ അത് കുറവു വരുത്തുമെന്നും മുൻവർഷങ്ങളിലനുവദിച്ച ഫണ്ടിന്റെ വിനിയോഗത്തിനാനുപാതികമായി മാത്രമേ വരും വർഷങ്ങളിൽ ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി വിലയിരുത്തി.

**2215 –01–190–88** – ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ - ഗവേർണൻസ് ജി. ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റും

ഭരണ സംവിധാനം പൂർണ്ണമായും പേപ്പർ രഹിതമാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ, അനുബന്ധ സാമഗ്രികളായ പ്രിന്റർ, കോപ്പിയർ, സ്കാനർ

എന്നിവ വാങ്ങുന്നതിനും ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിനും ഡി.ഡി.എഫ്.എസ്. സോഫ്റ്റ്‌വെയറിനായി പുതിയ സെർവർ വാങ്ങുന്നതിനും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 92** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) 50% കേന്ദ്ര വിഹിതം.

2024 – വർഷത്തോടെ കേരളത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 19247.6 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 90** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റുചെലവുകൾ - പ്രത്യേക സ്ഥാപനങ്ങൾ / സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 12 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും വിവിധ മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, ജില്ലാ ജയിൽ, സിവിൽ സ്റ്റേഷൻ, ദുർഗുണപരിഹാര പാഠശാല, കോടതികൾ, ഗ്രാമീണമേഖലയിലെ സ്കൂൾ, കോളേജ്, അംഗനവാടി, കെയർഹോം, ആശുപത്രി, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നീ മുൻഗണനാ സ്ഥാപനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന തിനുമായി ഈ ശീർഷകത്തിൽ 5.1472 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-99- (01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.9583 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-101-97 - (01)** -ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് സമ്പ്രദായം

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 7.61545 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-800-47** -ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- കുടിവെള്ള വിതരണവും - വരൾച്ച പരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.2745 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-96** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്.

അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ ഇതുവരെയുള്ള പ്രവൃത്തികളുടെ കുടിശ്ശിക തുക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിന് 2.3 കോടി

രൂപയും  പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്കായി 10 കോടി രൂപയും ചേർത്ത്  ഈ ശീർഷകത്തിൽ 12.3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 87** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം – മറ്റുചെലവുകൾ- ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

കേരള ജലഅതോറിറ്റിയുടെ പമ്പ് ഹൗസുകൾ കാര്യക്ഷമമാക്കുന്നതിനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ശുദ്ധീകരണശാലകളിലും പമ്പ് ഹൗസുകളിലും CCTV ക്യാമറ സ്ഥാപിക്കുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 86** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

കുടിവെള്ള ഗുണനിലവാര നിരീക്ഷണ ശാലകൾ മെച്ചപ്പെടുത്തുന്നതിനും എസ്.ടി.പി.കളിൽ നിന്നുള്ള മലിനജല പരിശോധനയ്ക്കനുയോജ്യമായ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 22 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 –01–004–99** -ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റീസോഴ്സ് പ്ലാനിംഗ്.

കേരള ജലഅതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ

നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 2.38 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 – 01-190-99(19)- 31** - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജലഅതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജലവിതരണ വിഭാഗം ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 999.19 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-99(19)- 36 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജലഅതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 1696.1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-190-99 (02)- 31 -** ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജലഅതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് വിഭാഗം ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 15.17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-190-99 (02)- 36 -** ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജലഅതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്വീവറേജ് പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 50.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-800-64** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജല റീചാർജ് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും മലയോര മേഖലകൾ, തീരപ്രദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെക്കുറഞ്ഞ പ്രദേശങ്ങളിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി പ്രകാരം കുടിവെള്ളം നൽകുന്നതിനും കുടിവെള്ള ക്ഷാമം നേരിടുന്ന കേരളത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങളിൽ മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും 7 ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജ്ജ് അനുബന്ധ പ്രവർത്തനങ്ങളുടെ പൂർത്തിയായ യൂണിറ്റുകളുടെ ബില്ലുകളും നിലവിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകളും നൽകുന്നതിനുമായി 9.98 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ സിവിൽ സ്റ്റേഷൻ പരിസരത്തുള്ള കുളം പുനരുദ്ധരിച്ച് മഴവെള്ള സംഭരണം നടത്തുന്നതിലേയ്ക്കുള്ള പദ്ധതിക്കായി 1 കോടി രൂപയും കോട്ടയം ജില്ലയിലെ കേരള സർക്കാർ അധീനതയിലുള്ള കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം

പരിഹരിക്കുന്നതിനായി മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്കായി 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 11.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 102– 91** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ബൃഹത് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനും ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കോട്ടയം എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 23.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 84** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ഗ്രാമീണ ജല സാങ്കേതിക വിദ്യ ഗവേഷണവും വികസനവും

ചെലവുകുറഞ്ഞതും കൂടുതൽ കാര്യക്ഷമവും ഗുണഭോക്തൃ സൗഹൃദവുമായ ജല ഗുണനിലവാര പ്രശ്നപരിഹാര സംവിധാന യൂണിറ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നിലവിലുള്ള ജലവിതരണ സംവിധാനങ്ങൾ എത്തിപ്പെടാത്ത മലയോരമേഖലകളിലും മറ്റും താമസിക്കുന്ന കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ചെലവുകുറഞ്ഞ നൂതന സാങ്കേതിക വിദ്യകൾ ആവിഷ്കരിക്കുന്നതിനും സാമൂഹിക കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും വിജയകരമായി നടപ്പിലാക്കുന്ന തിനാവശ്യമായ മാനേജ്മെന്റ് മാതൃകകൾ ആവിഷ്കരിക്കുന്നതിനും വിതരണ ശൃംഖലകളിലൂടെയുള്ള ജലനഷ്ടം കുറയ്ക്കുന്നതിനാവശ്യമായ സ്മാർട്ട് വിതരണ സംവിധാനം ആവിഷ്കരിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകളുടെ പരിശീലനത്തിനും പുതിയ മാതൃകകൾ പരിചയപ്പെടുത്തുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215-01-003-99** –ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പരിശീലനം - ഐ.ഇ.സി. പരിശീലനം ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനായി ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജലസംബന്ധമായി ജില്ലാ, സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 88-33** – ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത തുക ജലവിഭവ വകുപ്പാണോ കൊടുക്കുന്നതെന്ന് സമിതി ആരാഞ്ഞു. റവന്യൂ വകുപ്പാണ് തുക കൊടുക്കുന്നതെങ്കിലും പ്രസ്തുത ശീർഷകം ജലവിഭവ വകുപ്പിന് കീഴിലാണ് വരുന്നതെന്നും, ഇത്തരം ശീർഷകങ്ങൾ ബഡ്ജറ്റ് തയ്യാറാക്കുന്നതിനു മുമ്പുള്ള ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് മാറ്റിയെടുക്കണമെന്നും സമുദ്രനിരപ്പിൽ നിന്നും വളരെ താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാട്ടിലെ പ്രധാന പ്രശ്നം

വെള്ളപ്പൊക്കമായതിനാൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്ന പ്രവൃത്തി കൃത്യമായി നടത്തിയാൽ മാത്രമേ അവിടെ കൃഷി നടക്കുകയുള്ളുവെന്നതിനാൽ യഥാർത്ഥത്തിൽ ഏതു വകുപ്പാണോ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നത് ആ വകുപ്പിന് കീഴിൽ ടി ശീർഷകം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതായിരിക്കും ഉചിതമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത ശീർഷകം ജലവിഭവ വകുപ്പിന് കീഴിലാണ് വരുന്നതെങ്കിലും അതിൽ നിന്നുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പിന്റെ കൈവശമില്ലാത്തതിനാൽ എത്ര തുക അധികം ആവശ്യപ്പെടണമെന്നത് സംബന്ധിച്ച വിവരങ്ങൾ അത് കൈകാര്യം ചെയ്യുന്ന വകുപ്പിന് മാത്രമേ അറിയാൻ സാധിക്കുകയുള്ളുവെന്ന് വിലയിരുത്തിയ സമിതി, അടുത്ത സാമ്പത്തിക വർഷം മുതൽ പ്രസ്തുത ശീർഷകം കൃഷി വകുപ്പിന് കൈമാറണമെന്ന് ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

**2702- 01- 800- 94- 02** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

താല്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 94- 34** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ചെറുകിട ജലസേചന പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 11.8125 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 86** –ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം നദി മലിനീകരണം തടയുന്നതിനായി നിലവിൽ തയ്യാറാക്കി വരുന്ന 25 കോടി രൂപയുടെ പുതിയ പദ്ധതികളിൽ നടപ്പുസാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 10.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 98-(02)-34** – ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- - വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പണികളുടെ കേടുപാടു പോക്കൽ - മറ്റു ചെലവുകൾ.

അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം മൂലം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായി ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനും ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

30 വർഷത്തോളം പഴക്കമുള്ള ചെറുകിട ജലസേചന പദ്ധതികളുടെ ഭാഗമായ കനാലുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടെന്നും കേരളത്തിലെ പ്രധാനപ്പെട്ട ജലസേചന പദ്ധതികളുടെയും കനാലുകളുടെയും ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാനാണുദ്ദേശിക്കുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കല്ലട ഇറിഗേഷൻ പ്രോജക്റ്റിന്റെ കരുനാഗപ്പള്ളി ഭാഗങ്ങളിലെ കനാലുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത രൂക്ഷമായി വരുകയാണെന്നും പണികഴിഞ്ഞു നാളിതുവരെയായിട്ടും പ്രസ്തുത പ്രോജക്റ്റ് മുഖേന വെള്ളം ലഭ്യമായിട്ടില്ലായെന്നും ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്നും ഒരു അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് പ്രസ്തുത സ്ഥലത്ത് ഒരു സംയുക്ത കുടിവെള്ള പദ്ധതി വരുന്നതുമായി ബന്ധപ്പെട്ട് റോഡുകൾ

തുരക്കുകയാണെന്നും വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ അവിടെ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്നും അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ ചർച്ചയും പഠനവും വളരെ അനിവാര്യമാണെന്നും മുമ്പ് ആവശ്യമായിരുന്ന പല പദ്ധതികളും തുടർന്നും അത്യന്താപേക്ഷിതമാണോ എന്ന് നിരീക്ഷിക്കേണ്ടതുണ്ട് എന്നും സമിതി വിലയിരുത്തി.

**2702- 03- 101- 98 (03) -** ചെറുകിട ജലസേചനം -സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപണികൾ.

തുടർച്ചയായുണ്ടാകുന്ന മഴക്കെടുതികൾ മൂലം തോടുകൾ, കനാലുകൾ എന്നിവ ഉൾപ്പെടെ ജലസേചന നിർമ്മിതികൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 18.45 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 95-** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

ഓഫീസ് കെട്ടിടങ്ങൾ, ഐ.ബി.-കൾ, ക്വാർട്ടേഴ്സ് എന്നിവയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകുന്നതിനായുള്ള പ്രസ്തുത ശീർഷകത്തിൽ ഒറ്റത്തവണ സഹായം എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

**2702- 80- 005- 99-34** -ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ.

ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടങ്ങുന്നതിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 80- 052- 99** - ചെറുകിട ജലസേചനം - ജനറൽ-യന്ത്രങ്ങളും ഉപകരണങ്ങളും - ചെറുകിട ജലസേചനത്തിനു വേണ്ടിയുള്ള യന്ത്രോപകരണങ്ങൾ

2018-ലെ പ്രളയത്തിൽ പുഴകളിലും മറ്റു ജലാശയങ്ങളിലും അടിഞ്ഞു കൂടിയ മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 9.775 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702 -00 -101 -99** – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന ജോലികൾ.

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചെക്ക് ഡാമുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ്ബാറുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും നിലവിലുള്ള ജലസേചന നിർമ്മിതികളുടെ പുനഃരുദ്ധാരണത്തിനും ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 97** –ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ (ജില്ലാ പദ്ധതി)

മാറിയ കൃഷിരീതിയ്ക്കും കാലാവസ്ഥാ വ്യതിയാനങ്ങൾക്കും അനുസൃതമായി ചെറുകിട കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്ലാൻ ഫണ്ടിൽ അധിക തുക ആവശ്യപ്പെടാത്തത് ജലസേചന വകുപ്പിൽ മാത്രമാണെന്നും പ്രസ്തുത വകുപ്പിൽ പദ്ധതി - പദ്ധതിയേതര ഫണ്ടുകൾ തമ്മിലുള്ള അനുപാതം ഏതാണ്ട് 1:3 ആണെന്നും മറ്റ് വകുപ്പുകളിൽ നിന്നും ഇത് വളരെ

വ്യത്യസ്തമാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. നടപ്പ് സാമ്പത്തിക വർഷത്തിൽത്തന്നെ പ്രസ്തുത വിഷയം പരിഹരിക്കണമെന്നും പദ്ധതി-പദ്ധതിയേതര ഫണ്ടുകൾ തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടു വരേണ്ടത് വകുപ്പിന്റെ കാര്യക്ഷമതയുമായി ബന്ധപ്പെട്ട പ്രധാന ഘടകമാണെന്ന ബോധ്യം ഉണ്ടാവണമെന്നും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണമെന്നും ബഹു.സമിതി ചെയർമാൻ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പൊതുവായ നിർദ്ദേശം നൽകി.

ചെക്ക് ഡാമുകൾ അനുവദിക്കുമ്പോൾ മറ്റേതെങ്കിലുമൊരു കാർഷിക മേഖലയ്ക്കുകൂടി ഇതിന്റെ ഗുണം ലഭിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നും തടയണകൾ ആവശ്യമായ പല സ്ഥലങ്ങളിലും അവ നിർമ്മിക്കുന്നില്ലെന്നും ആവശ്യമില്ലാത്തയിടങ്ങളിൽ അവ നിർമ്മിക്കുന്നത് പലപ്പോഴും വെള്ളപ്പൊക്കത്തിന് കാരണമാകുന്നുവെന്നും നിരീക്ഷിച്ച സമിതി, തടയണകളുടെ അശാസ്ത്രീയമായ നിർമ്മാണം മുഖേനയുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി കൃഷിവകുപ്പുമായി ചേർന്ന് സംയോജിത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

**4702- 00- 101- 93** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം -ചെറുകിട ജലസേചന ജോലികൾ - നബാർഡ് സഹായത്തോടെയുള്ള പദ്ധതി

നബാർഡ് XXVI വരെ അനുമതി ലഭ്യമാക്കിയ പദ്ധതികളുടെ ചെലവിലേയ്ക്കും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പുതിയ പദ്ധതികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ കുളവാഴയെ അസംസ്കൃത വസ്തുവാക്കി കുടുംബശ്രീയെ ഏൽപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രോജക്ട് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന സമിതി നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് സമിതി ആരാഞ്ഞു. അതിനായി ടെണ്ടർ

നടപടി കഴിഞ്ഞുവെങ്കിലും ഇതിനുവേണ്ട മെഷീൻ ഇതുവരെയും ലഭിച്ചിട്ടില്ലായെന്നും വേമ്പനാട്ടുകായലിലെയും പാർവ്വതിപുത്തനാറിലെയും മറ്റ് ചില ജലാശയങ്ങളിലുമുള്ള കുളവാഴ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ കുടുംബശ്രീ താത്പര്യം കാണിച്ചില്ല എന്നും ശേഖരിക്കുന്ന കുളവാഴ/പോളകൾ എങ്ങനെ സംസ്കരിച്ച് ഉപയോഗിക്കാമെന്നതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**4702- 00- 101- 90** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

പമ്പ് ഹൗസുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 89** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം

മലബാർ പ്രദേശത്ത് നിലവിലുള്ള റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനഃരുദ്ധാരണത്തിനും അതുവഴി ജലസേചനം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 87** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം - കുളങ്ങളുടെ നവീകരണം

കുളങ്ങളുടെ ജലസംഭരണശേഷി വർദ്ധിപ്പിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തി സമീപപ്രദേശങ്ങളിലെ വരൾച്ച പ്രതിരോധിക്കുന്നതിനും കൃഷിയ്ക്കാവശ്യമായ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും മറ്റു പൊതുആവശ്യങ്ങൾക്കുമായി സംസ്ഥാനത്തെ പൊതുകുളങ്ങളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 84** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - മുൻഗണന പ്രവൃത്തികൾ

നിലവിലുള്ള ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 82** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചനം - ക്ലാസ്സ് II.

50 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചന സൗകര്യം കാര്യക്ഷമമായി ലഭ്യമാക്കുന്നതിനാവശ്യമായ സ്ട്രക്ചറുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 79** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും.

ജലസേചന സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിലേയ്ക്കായി പുതിയ ചെക്ക്ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 77** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ.

കാവേരി നദീതടത്തിലെ കബനി സബ് ബേസിനിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം കേരളത്തിനനുവദിച്ച 21 ടി.എം.സി. ജലത്തിന്റെ പൂർണ്ണമായ വിനിയോഗത്തിനും കൂടാതെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2017-18-ൽ ബജറ്റ് വിഹിതമായി 2200 ലക്ഷം രൂപയും 2021-22-ൽ 300 ലക്ഷം രൂപയും വകയിരുത്തിയിരുന്നതായും നടപ്പ് സാമ്പത്തികവർഷം ആയത് 260 ലക്ഷം രൂപയായി ചുരുങ്ങിയെന്നും കാവേരി ബേസിനിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള 30 TMC ജലം തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകയിലേയ്ക്കും വെറുതെ ഒഴുകി നഷ്ടപ്പെട്ടുപോകാതിരിക്കത്തക്ക വിധം ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിച്ച് പ്രസ്തുത ജലം പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം അടുത്ത കാവേരി ട്രിബ്യൂണലിൽ കേരളത്തിന് ഇതാവശ്യപ്പെടാൻ കഴിയുകയില്ല എന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത പ്രശ്നപരിഹാരത്തിനായി അടിയന്തരമായി ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനാവശ്യമായ പണം ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു.

അധികമുണ്ടെന്ന കരുതി തമിഴ്നാടിനു കൊടുക്കുന്ന പറമ്പിക്കുളത്തെ ജലം അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് അത്യന്താപേക്ഷിതമാണെന്നും ഇത്തരത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്താതിരുന്നാൽ അടുത്തവർഷം മുതൽ ആ വകുപ്പിന്റെ ആനുകൂല്യം വെട്ടിക്കുറയ്ക്കുന്നതിന് ഇത് ഇടനൽകുമെന്നും ഒരു അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് കാവേരി ബേസിനിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട ജലം സംബന്ധമായ വിഷയം വളരെ ശക്തമായി ആവശ്യപ്പെടണമെന്നും നിയമസഭയിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യപ്പെടണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം പ്രത്യേകമായി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാമെന്ന് സമിതി തീരുമാനിച്ചു.

പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ പ്രധാന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭൂമി ഏറ്റെടുക്കലും കുടിയൊഴിപ്പിക്കലും ഉണ്ടാകുമെന്നും എന്നാൽ വലിയൊരു ഡാം നിർമ്മിച്ച് 25 TMC ജലം ശേഖരിക്കുന്ന രീതിയ്ക്കു പകരം ചെറിയ ചെക്ക് ഡാമുകൾ നിർമ്മിച്ച് ആയതിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യമുണ്ടാക്കിയാൽ ആരെയും കുടിയൊഴിപ്പിക്കാതെ തന്നെ പ്രസ്തുത ജലം മുഴുവൻ പ്രയോജനപ്പെടുത്തുവാനും ആതുവഴി നദിയിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനും സാധിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തരത്തിൽ ജലത്തിന്റെ പരമാവധി ശേഷി ഉൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന പദ്ധതികൾ വികസിപ്പിച്ചെടുക്കേണ്ടത് വകുപ്പിന്റെ ആവശ്യമാണെന്നും അത്

താമസംവിനാ ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. വയനാട്ടിലെ ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് കബനി വഴി ജലം നഷ്ടപ്പെട്ടു പോകുന്നതും കാവേരി ബേസിനിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ട ജലം കിട്ടാത്തതും ഗൗരവമായ പ്രശ്നമാണെന്നും കേരളം മുൻകൈ എടുത്ത് ചെയ്യേണ്ട പല പദ്ധതികളും ആരംഭിക്കുവാനോ പൂർത്തികരിക്കുവാനോ കഴിയാതെ വരുന്ന സാഹചര്യമുണ്ടെന്നും ചെറിയ പദ്ധതികളും നേരത്തെ ആവിഷ്കരിക്കപ്പെട്ട പദ്ധതികളും മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും ഒരംഗം അഭിപ്രായപ്പെട്ടു.

**4702- 00- 101- 73** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം.

തുടർച്ചയായ വെള്ളപ്പൊക്കവും മഴക്കെടുതിയും മൂലം പമ്പ് ഹൗസുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 71** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ഭവാനി തടം- അട്ടപ്പാടിയിൽ ചെക്ക്ഡാമുകൾ

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിൽ കൃഷിയ്ക്കും കുടിവെള്ളത്തിനും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ചെക്ക് ഡാമുകൾ, കുളങ്ങൾ, എൽ.ഐ. പദ്ധതികൾ എന്നിവ ആവിഷ്ക്കരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 68** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -പ്രധാന മന്ത്രി കൃഷി സിൻചായി യോജന (60% കേന്ദ്രാവിഷ്കൃത പദ്ധതി)

പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം കൂടുതൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത വിഷയം പ്രധാനമന്ത്രി കൃഷി സിൻചായി യോജനയുമായി ബന്ധപ്പെട്ടു വരുന്നതാണെന്നും എല്ലാ സംസ്ഥാനങ്ങളും ഏറ്റവും കൂടുതൽ പ്രജോയനപ്പെടുത്തുന്ന ഒരു പദ്ധതിയായിട്ടും നമ്മുടെ സംസ്ഥാനം ഇത് വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ലായെന്നത് ഖേദകരമാണെന്നും മുൻവർഷം ആന്ധ്രാപ്രദേശ് ഈ ഇനത്തിൽ 4000 കോടി വാങ്ങിയപ്പോൾ കേരളത്തിന് 72.5 കോടിയാണ് ലഭിച്ചതെന്നും ഇപ്പോൾ അത് 10 കോടിയായി കുറഞ്ഞുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തി. ജലാശയങ്ങളുടെ നവീകരണം മാത്രമല്ല, ഓരോ തുള്ളിയിലും പരമാവധി വിളവ് എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും ലിഫ്റ്റ് ഇറിഗേഷനും, ചെക്ക് ഡാമുകളും ഇതിൽ ഉൾപ്പെടുത്താൻ കഴിയുമെന്നും വലിയ ജലാശയങ്ങൾ വേണമെന്നുള്ളതാണ് വകുപ്പിനെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സമെന്താണെന്ന് സമിതി ആരാഞ്ഞു. നഗര പ്രദേശങ്ങളിൽ 5 ഹെക്ടർ വിസ്തൃതിയുള്ള ജലാശയങ്ങൾ വേണമെന്നും 12.5 ഏക്കർ വിസ്തൃതിയുള്ള കുളങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഈ പദ്ധതിക്കായി ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂ എന്നതാണ് പ്രശ്നമെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. എന്നാൽ ഇത് തെറ്റായ ധാരണയാണെന്നും കുളമെന്നതിനു പകരം ചെക്ക് ഡാം നിർമ്മിച്ച് മുകളിലേക്കുയർത്താൻ സാധിക്കുന്ന വെള്ളത്തിന്റെ വ്യാപ്തം 5.3 ഏക്കർ വിസ്തൃതിയുള്ള കുളത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന ജലത്തിന്റെ വ്യാപ്തത്തിനാനുപാതികമായാൽ മതിയെന്നും കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച ചട്ടമല്ല, മറിച്ച് മാർഗ്ഗനിർദ്ദേശമാണ് നൽകിയിരിക്കുന്നതെന്നും ചീഫ് സെക്രട്ടറി വിശദീകരിച്ചു. ലിഫ്റ്റ് ഇറിഗേഷൻ വേണ്ടിടത്ത് ചെക്ക്ഡാം നിർമ്മിക്കുവാൻ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിക്കാമെന്നും കേന്ദ്ര വിഹിതം കൂടി ലഭിച്ചാൽ മൈക്രോ ഇറിഗേഷനിലൂടെ 10000 ഹെക്ടറിൽ വെള്ളം കൊടുക്കുവാൻ സാധിക്കുമെന്നും യോഗം വിലയിരുത്തി. ഇതു വഴി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുവാൻ സാധിക്കുന്നില്ല എങ്കിൽ അടുത്ത നടപടിയായി കേന്ദ്ര സർക്കാരിനെ സമീപിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

**4702- 00- 101- 66** – ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന ജോലികൾ - ഹരിത കേരളം പദ്ധതികൾ.

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 65 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചനം - ക്ലാസ് II- ഹരിത കേരളം പദ്ധതികൾ.

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 64 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 63 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാഥമിക ജലസ്രോതസ്സുകളുടെ സംരക്ഷണം- ഹരിത കേരളം പദ്ധതികൾ.

ഹരിതകേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട കുളങ്ങളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 61 –** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ - നബാർഡ് ആർ ഐ ഡി എഫ് സഹായം

നബാർഡ് സഹായത്തോടു കൂടി പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 93** – ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം- ഭൂഗർഭ ജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും

ചെറുകിട കുടിവെള്ള പദ്ധതികൾക്കും കൃഷി ആവശ്യങ്ങൾക്കും വ്യാവസായിക അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കുമായി സുരക്ഷിത രീതിയിലുള്ള ഭൂജലം പമ്പ് ചെയ്തുപയോഗിക്കുന്നതിനാവശ്യമായ ജലക്ഷമതാ പരിശോധന നടത്തുന്നതിനായി നിലവിൽ ഭൂജല വകുപ്പിന് കീഴിലുള്ള പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾക്കു പുറമേ, നടപ്പ് സാമ്പത്തിക വർഷം 2 പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾ കൂടി വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 102- 97** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭജല സംരക്ഷണവും സംഭരണവും

കാലാവസ്ഥ വ്യതിയാനം മൂലമുള്ള ജലവിഭവങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ഭൂജലസംപോഷണ മാർഗ്ഗങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ജലസംരക്ഷണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 102- 94 (01)** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് 75 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 2.15-ന് യോഗം അവസാനിച്ചു.

## 3. 27.04.2022-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2022 ഏപ്രിൽ മാസം 27-ാം തീയതി രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ.ബി. ഗണേഷ്കുമാർ, എം.എൽ.എ.
2. ശ്രീ. ലിന്റോ ജോസഫ് ”
3. ശ്രീ. സി.ആർ. മഹേഷ് ”
4. ശ്രീ. പി. മമ്മിക്കുട്ടി ”
5. ശ്രീ. എച്ച് സലാം ”

**വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗം**

ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

സമിതി, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11.30-ന് യോഗം അവസാനിച്ചു.

## 4. <u>21.06.2022-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2022 ജൂൺ മാസം 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. സി.ആർ. മഹേഷ്, എം.എൽ.എ.
2. ശ്രീ. കെ.പി.എ. മജീദ് ”
3. ശ്രീ. കെ.ജെ. മാക്സി ”

<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. കെ.ബി. ഗണേഷ് കുമാർ, എം.എൽ.എ.
2. ശ്രീ. ടി. സിദ്ദിഖ് ”

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടി.കെ. ജോസ്, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. വെങ്കടേശപതി എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ

   അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
3. ശ്രീ. ജോൺ വി. സാമുവൽ, ഐ.എ.എസ്., ഡയറക്ടർ, ഭൂഗർഭജല വകുപ്പ്.
4. ശ്രീ പ്രേംലാൽ എം., ഡയറക്ടർ (എച്ച്.ആർ.), കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി.
5. ശ്രീമതി വീണ പി., ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) (ഇൻ-ചാർജ്ജ്), കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി.
6. ശ്രീമതി സിന്ധു ആർ., ജോയിന്റ് ഡയറക്ടർ (ഡാംസ്), ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്, ജലസേചന വകുപ്പ്.
7. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
8. ശ്രീ. അലക്സ് വർഗീസ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്.
9. ശ്രീ. ആർ പ്രിയേഷ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്, ജലസേചന വകുപ്പ്.
10. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I, കോഴിക്കോട്, ജലസേചന വകുപ്പ്.
11. ശ്രീമതി ഷീബ ജി.ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ-ന്റെ കാര്യാലയം), തിരുവനന്തപുരം.
12. ശ്രീ. ഹരികുമാർ ജി., സീനിയർ ഫിനാൻസ് ഓഫീസർ (ചീഫ് എഞ്ചിനീയർ പ്രോജക്ട്-II യുടെ കാര്യാലയം), ജലസേചന വകുപ്പ്.
13. ശ്രീമതി എസ്. റിനി റാണി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഭൂഗർഭജല വകുപ്പ്.
14. ശ്രീമതി ബീന തങ്കം പി.എൽ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, (ചീഫ് എഞ്ചിനീയർ പ്രോജക്ട്-II യുടെ കാര്യാലയം)
15. ശ്രീമതി മഞ്ചു പി.കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (ചീഫ് എഞ്ചിനീയർ പ്രോജക്ട്-II യുടെ കാര്യാലയം), ജലസേചന വകുപ്പ്.
16. ശ്രീമതി ബുഷ്റ എ., ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ്, ഭൂഗർഭജല ഡയറക്ടറേറ്റ്.
17. ശ്രീ. വി. രാമസുബ്രമണി, അക്കൗണ്ട്സ് മെമ്പർ, കേരള വാട്ടർ അതോറിറ്റി.
18. ശ്രീ. സലിൽ എച്ച്., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്, ജലസേചന വകുപ്പ്.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന

### 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിമേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികകൾ

(ഫയൽ നം. 11989/സബ്.സി.എ 1/2021/നി.സെ)

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 104 വരെയുള്ള മുഴുവൻ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 52, 53, 54, 55, 56, 57, 58, 68, 89, 93 എന്നിവയിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികയിൽ സൂചിപ്പിച്ചിരിക്കുന്ന ശീർഷകങ്ങളിൽ അധികമായി അനുവദിച്ച തുക കൂടി ഉൾപ്പെടുത്തിയ മറുപടി ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ XX

കേരള വാട്ടർ അതോറിറ്റി സർക്കാർ വകുപ്പിന് കീഴിലല്ലാത്തതിനാലും ലാഭത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയല്ലാത്തതിനാലും 15 ശതമാനം സർക്കാർ വിഹിതം നബാർഡ് ഫണ്ടിൽ വകയിരുത്താൻ കഴിയാത്തതിനാൽ നബാർഡ് സഹായമുള്ള നിലവിലുള്ള ഗ്രാമീണ ജലവിതരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും വാട്ടർ അതോറിറ്റിയുടെ ഫണ്ടിനോടൊപ്പം 15 ശതമാനം സർക്കാർ വിഹിതം കൂടി കിട്ടിയാൽ മാത്രമേ വകുപ്പിന് നല്ല രീതിയിൽ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും ഫണ്ടില്ലാത്തതിന്റെ പേരിൽ പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ആരും മുന്നോട്ട് വരാത്ത

അവസ്ഥയാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ & കെ.ആർ.ഡബ്ല്യൂ.എസ്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

വാട്ടർ അതോറിറ്റിയിൽ വെള്ളക്കരത്തിന്റെ നിരക്ക് സർക്കാരാണ് നിശ്ചയിക്കുന്നത് എന്നതുകൊണ്ടും, ഉത്പാദനച്ചെലവിന്റെ പകുതി മാത്രമേ വെള്ളക്കരമായി ലഭിക്കുന്നുള്ളൂ എന്നതുകൊണ്ടും സ്വന്തമായി വരുമാനമുള്ള മറ്റ് ഏജൻസികളെപ്പോലെ കേരള വാട്ടർ അതോറിറ്റിക്ക് 15 ശതമാനം വിഹിതം നൽകാൻ കഴിയുന്നില്ല എന്നും കഴിഞ്ഞ വർഷം വരെ സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കിയിരുന്ന 15 ശതമാനം വിഹിതം ഇപ്പോൾ ലഭിക്കുന്നില്ല എന്ന കാര്യവും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് കേരള വാട്ടർ അതോറിറ്റിയിലെ നബാർഡ് സഹായമുള്ള പദ്ധതികൾക്ക് മതിയായ ഫണ്ട് ലഭ്യമായില്ലായെങ്കിൽ നഷ്ടം സംഭവിക്കാനിടയാകുമെന്നതിനാലും കൂടുതൽ തുക ചെലവഴിക്കാൻ വകുപ്പിന് കഴിയാത്ത സാഹചര്യത്തിലും സർക്കാരിന് വാട്ടർ അതോറിറ്റിയെ സംരക്ഷിക്കേണ്ട ചുമതലയുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, ഈ വിഷയം വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് തീരുമാനിച്ചു.

4215-01-800-89 എന്ന ശീർഷകം പരിശോധിച്ച വേളയിൽ പൂർത്തിയായ പ്രവൃത്തികളുടെ ബിൽ യഥാക്രമം ലഭ്യമാക്കാത്തതാണോ മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ കുടിശ്ശിക ബില്ലുകൾ വീണ്ടും വരുന്നത് എന്നുള്ള കാര്യം പരിശോധിക്കണമെന്നും അധിക തുക ആവശ്യപ്പെടുമ്പോൾ അതിനുള്ള കാരണം വ്യക്തമാക്കാൻ കഴിയാതെ വന്നാൽ അധികതുക ചോദിക്കുന്നതിൽ പ്രസക്തിയില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി ശിപാർശയിലൂടെ അധിക തുക ലഭിക്കുമ്പോൾ അത് പൂർണ്ണമായും വിനിയോഗിക്കുന്നതിനാവശ്യമായ പശ്ചാത്തല പ്രവർത്തനവും മുന്നൊരുക്കവും വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാവണമെന്നും വിനിയോഗിക്കപ്പെടാത്ത തുകയാണ് ധനപുനർവിനിയോഗത്തിലൂടെ ലഭിക്കുന്നത് എന്നതിനാൽ വകുപ്പിന്റെ കാര്യക്ഷമത യില്ലായ്മയാണ് ഇത് സൂചിപ്പിക്കുന്നതെന്നും കൃത്യസമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാലാണ് ധനകാര്യ വകുപ്പിൽ നിന്നും അധികതുക ലഭിക്കാതെ വരുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

സംബന്ധിച്ച് പരിശോധിക്കണമെന്നും ആയവ കൃത്യസമയത്ത് പൂർത്തീകരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി വകുപ്പിലെ ഉദ്യോഗസ്ഥരെ ഓർമ്മിപ്പിക്കുകയും അപ്രകാരം ചെയ്യാമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ & കെ.ആർ.ഡബ്ല്യൂ.എസ്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയ്ക്ക് ഉറപ്പു നൽകുകയും ചെയ്തു.

കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം ആവശ്യത്തിന് ഭൂമി ലഭിക്കാത്തതാണെന്നും RKI (Rebuild Kerala Initiative)-ൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയുടെ അലോക്കേഷനുവേണ്ടി ഡി.പി.ആർ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ഒരു പ്രത്യേക മേഖലയിൽ മാത്രം ചെയ്യാൻ സാധിക്കാത്തതിനാൽ ഓരോ നഗര വാർഡിനേയും മൂന്ന് നാല് മേഖലകളാക്കി അനുയോജ്യമായ സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് തയ്യാറാക്കാനുദ്ദേശിക്കുന്നതെന്നും ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശമുള്ള സാഹചര്യത്തിൽ മാലിന്യ സംസ്കരണം വളരെ അത്യന്താപേക്ഷിതമായതിനാൽ അമൃത്-II പദ്ധതിയിലുൾപ്പെടുത്തി മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചുവെങ്കിലും ആവശ്യത്തിന് ഭൂമി ലഭ്യമല്ലാത്തതിനാൽ മുന്നോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ & കെ.ആർ.ഡബ്ല്യൂ.എസ്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് ജൽജീവൻ മിഷൻ, അമൃത് എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ഏത് വകുപ്പിന്റെയും ഭൂമി പ്രസ്തുത ആവശ്യത്തിനായി ഏറ്റെടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ടെന്ന വിവരം സമിതി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി.

അമൃത് I, അമൃത് II, RKI എന്നീ പദ്ധതികൾ വഴി ഭൂമി ഏറ്റെടുക്കുന്നതിനോ, വസ്തു വാങ്ങുന്നതിനോ ഉള്ള ഫണ്ട് അനുവദിക്കുന്നില്ലാത്തതിനാൽ ഇതിനു വേണ്ട ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളോ, ഗവൺമെന്റോ കണ്ടെത്തേണ്ടതുണ്ടെന്നും ഭൂമി ഏറ്റെടുക്കലിനു വേണ്ടി തുക അനുവദിക്കുന്നത് കിഫ്ബി പ്രോജക്ടിൽ മാത്രമായതിനാൽ നഗരങ്ങളിലെ മാലിന്യ സംസ്കരണം പരമാവധി കിഫ്ബി വഴി ചെയ്യിക്കുന്നതായിരിക്കും ഉചിതമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ഇത് സംബന്ധിച്ച് പരിശോധിക്കണമെന്നും അതോടൊപ്പം മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കലിനുവേണ്ട തുക കൂടി കിഫ്ബി വഴി ലഭ്യമാക്കുന്നതിനായി ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ഒരു ശീർഷകത്തിൽ അനുവദിച്ച പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാതെ വിവിധ ആവശ്യങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമുണ്ടെന്നു പറയുന്നതിലെ പൊരുത്തക്കേട്

സമിതി ചൂണ്ടിക്കാട്ടുകയും ഒരു ശീർഷകത്തിൽ അനുവദിച്ച തുകപോലും പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടാണോ എന്നുള്ളത് പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നം. XXIX

കോൺട്രാക്ടർമാരുടെ കുടിശ്ശിക ബില്ലുകൾ മുഴുവനും തീർപ്പാക്കിയിട്ടില്ലെന്നത് നിരീക്ഷിച്ച സമിതി, പൊതുമരാമത്തു വകുപ്പിലും തദ്ദേശ സ്വയംഭരണ വകുപ്പിലും ഉപയോഗിക്കുന്നതുപോലെ ബഡ്ജറ്റ് വിഹിതത്തിന് തുല്യമായ തുകയ്ക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗപ്പെടുത്താമെന്നും കോൺട്രാക്ടർമാർ സമ്മതപത്രം നൽകിയാൽ മാത്രമേ ആയത് ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ഇക്കാര്യം കോൺട്രാക്ടർമാരെ അറിയിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നം. XXIX [കൃഷി (ചെറുകിട ജലസേചനം)]-ൽ ഉൾപ്പെട്ട പുഞ്ചകൃഷിക്കു വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി തുക ലഭിക്കുന്നതിനായുള്ള 2702-01-800-88-33 എന്ന പദ്ധതിയേതര ശീർഷകം നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് കൃഷി വകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 30ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, ലിഫ്റ്റ് ഇറിഗേഷന് സർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും ഈ ശീർഷകത്തിലെ തുക മൈക്രോ ഇറിഗേഷനുമായി ബന്ധപ്പെടുത്തി വിനിയോഗിക്കാമെന്നും സമിതി അഭിപ്രായപ്പെടുകയും പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവർ ആകാത്ത വിധത്തിൽ വകുപ്പ് ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. വിവിധ ശീർഷകങ്ങളിലായി അനുവദിച്ച പ്ലാൻ ഫണ്ടിൽ വിനിയോഗിക്കാത്തവ ഓരോന്നും പരിശോധിച്ച് അനുവദിച്ച തുക വിനിയോഗിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം പരിശോധിക്കണമെന്ന് സമിതി പൊതുവായ നിർദ്ദേശം നൽകി.

കാവേരി ബേസിനിൽ നിന്നും കേരളത്തിനർഹതപ്പെട്ട 30 TMC ജലം പൂർണമായും ഉപയോഗപ്പെടുത്താതെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ 2030- ൽ കാവേരി ട്രിബ്യൂണലിന്റെ അവാർഡ് വരുമ്പോൾ കേരളത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള 30 TMC ജലം എന്നത് 18 TMC യോ 15 TMC യോ ആയി ചുരുങ്ങാൻ സാധ്യതയുണ്ടെന്നും കാവേരി ബേസിനിൽ വരുന്ന പാലക്കാട്, വയനാട്, ഇടുക്കി

എന്നീ ജില്ലകളിൽ ദീർഘവീക്ഷണത്തോടെയുള്ള പ്രോജക്ടുകളുമാണ് തയ്യാറാക്കേണ്ടതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വയനാട് ജില്ലയിൽ ഇടത്തരം-വലിയ ജലസേചന പദ്ധതികൾ ആരംഭിച്ചാൽ ജനങ്ങളുടെ പ്രതിഷേധത്തിനിടയാക്കുമെന്നതിനാൽ ഇത്തരം പദ്ധതികളുമായി മുന്നോട്ട് പോകുന്നതിനു പകരം മൈക്രോ ഇറിഗേഷൻ തലത്തിലുള്ള പദ്ധതികളുടെ എണ്ണം വർദ്ധിപ്പിച്ച് പരമാവധി ജലം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. വയനാട് ജില്ല ഒരു വനപ്രദേശമായതിനാലും ജനവാസ മേഖലകളിൽ നിന്ന് ജനങ്ങളെ ഒഴിപ്പിക്കുന്നത് വലിയ എതിർപ്പിന് കാരണമാകും എന്നതിനാലും അവിടുത്തെ പ്രധാന കൃഷി നെൽകൃഷി അല്ലാത്തതുകൊണ്ടും വയനാട്ടിൽ ജനങ്ങളെ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത് വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിനു പകരം തടയണകളുടെ ശ്രേണി നിർമ്മിച്ചാൽ അവിടെയുള്ള കാപ്പി, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും, വയനാട്ടിലും ഇടുക്കിയിലും വലിയ ഡാമുകൾ നിർമ്മിക്കുന്നതിനു പകരം 120 ഓളം ചെക്ക് ഡാമുകളും റെഗുലേറ്റർ കം-ബ്രിഡ്ജുകളും നിർമ്മിച്ചാൽ ഭൂമി നഷ്ടമാകാതെ ഇടത്തരം ഡാമുകളിൽ നിന്നും കൊടുക്കാൻ സാധിക്കുന്നതിനേക്കാൾ കൂടുതൽ ജലം കർഷകർക്ക് നൽകാൻ സാധിക്കുമെന്നും ഇത്തരത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടുതൽ നടപ്പിലാക്കുന്നതോടെ കേരളത്തിനർഹതപ്പെട്ടതും കബനി നദിയിലേക്കൊഴുകി വെറുതെ നഷ്ടപ്പെട്ടു പോകുന്നതുമായ ജലം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് കാവേരി ബേസിനിൽ ഉൾപ്പെട്ട പാലക്കാട്, വയനാട്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിൽ മൈക്രോ ഇറിഗേഷൻ നന്നായി പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് അഭിപ്രായപ്പെട്ട സമിതി നിയമസഭാ സമ്മേളനത്തിനുശേഷം അവിടം സന്ദർശിക്കാവുന്നതാണെന്നും ആയതിനായി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി, എം.എൽ.എ. എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരണമെന്നും തദ്ദേശവാസികളുടെ അഭിപ്രായം കൂടി ഉൾപ്പെട്ട സ്റ്റഡി മെറ്റീരിയൽസ് വകുപ്പ് ലഭ്യമാക്കണമെന്നും സമിതി തീരുമാനിച്ചു. കാവേരി ബേസിനിൽ നിന്നുള്ള

ജലത്തെ ആശ്രയിക്കുന്നത് ഭാവിയിൽ എങ്ങനെ നിലനിർത്തിക്കൊണ്ടു പോകാൻ സാധിക്കും എന്നത് സംബന്ധിച്ചും മൈക്രോ, മെഗാ സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ചും പഠനം നടത്തണമെന്ന് സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXVIII**

റോഡ് കയ്യേറ്റവും കനാലുകളിലെ മാലിന്യ നിക്ഷേപവും മൂലം ഇടപ്പള്ളി ബ്രാഞ്ച് കനാലിലൂടെ 21 വർഷമായി ജലവിതരണം നടക്കുന്നില്ലായെന്നും പ്രസ്തുത കനാലിലൂടെ ജലവിതരണം സാധ്യമായാൽ തൃക്കാക്കരയിലെയും കളമശ്ശേരിയിലെയും കുടിവെള്ള പ്രശ്നത്തിന് പരിഹാരമാവുമെന്നും എറണാകുളം മേഖലയിലെ കുടിവെള്ള ക്ഷാമ പരിഹാരത്തിനായുള്ള പ്രധാന പദ്ധതിയായ പെരിയാർ വാലി കനാലിലെ വെള്ളം ഭൂതത്താൻ കെട്ടിൽ നിന്നും ഒഴുകി കായലിലേയ്ക്ക് എത്തുന്നത് ഗൗരവതരമായ പ്രശ്നമാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത വിഷയം ഭാവിയിൽ എറണാകുളത്തെ ബാധിക്കുന്ന പ്രധാന പ്രശ്നമായതിനാൽ ജല അതോറിറ്റിയും ജലസേചന വകുപ്പും സംയുക്തമായി ഇക്കാര്യം ചർച്ച ചെയ്യണമെന്നും തൃക്കാക്കരയിലെയും കളമശ്ശേരിയിലെയും ജലവിതരണം പൂർണ്ണമാകണമെങ്കിൽ നിലവിൽ പ്രസ്തുത പ്രദേശത്തെ കയ്യേറ്റങ്ങൾ ഒഴിവാക്കി അവിടെ കനാലുകൾ പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി.

ഹരിത-ഭക്ഷ്യധാന്യ ഉത്പാദനത്തിനായി രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് കമ്മീഷൻ ചെയ്ത പതിനായിരക്കണക്കിന് മീറ്റർ ദൈർഘ്യമുള്ള കനാലുകളിൽ പലതും കയ്യേറിയും മാലിന്യ നിക്ഷേപ സ്ഥലങ്ങളായിമാറിയും പൊട്ടിപ്പൊളിഞ്ഞും കിടക്കുകയാണെന്നും പ്രസ്തുത കനാലുകളിലൂടെ ജലവിതരണം സാധ്യമായാൽ നെൽകൃഷി കൂടാതെ പച്ചക്കറി കൃഷിക്കുകൂടി വേണ്ടി ഇത് ഉപയോഗപ്പെടുത്താമെന്നും പതിനായിരം ഹെക്ടറോളം ഭൂമിയിൽ കൃഷിചെയ്യുവാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. വേനൽക്കാലത്തെ കുടിവെള്ള ക്ഷാമത്തിന് ഇത് വലിയ ആശ്വാസമാകുമെന്നതിനാൽ വകുപ്പിലെ ഓവർസിയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർവരെയുള്ള ഉദ്യോഗസ്ഥർക്ക് കനാലുകളുടെ ഉത്തരവാദിത്തമേല്പിക്കുന്നത് ഉചിതമായിരിക്കുമെന്ന ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി അംഗീകരിച്ചു.

ജലവിതരണം മെച്ചപ്പെടുത്തുന്നതിലൂടെ കാർഷികമേഖല മെച്ചപ്പെടുമെന്നതിനാൽ വിതരണം ചെയ്യാൻ സാധിക്കുന്ന ജലത്തിന്റെ അളവിന് ആനുപാതികമായി കാർഷിക മേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നും വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി.

കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിലെയും ചേർത്തല, അരൂർ മേഖലകളിലെ തോടുകളുടെയും നീർച്ചാലുകളുടെയും പോളമാറ്റലിനായി യന്ത്രം വാങ്ങൽ, ചെളി നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള തുക വിനിയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് ഗൗരവമായി പരിശോധിക്കേണ്ടതാണെന്ന് സമിതി ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

നിലവിൽ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ മാത്രം ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനം അടിസ്ഥാനപരമായ ജോലികൾ നടക്കുന്ന സെക്ഷൻ ഓഫീസ് തലംവരെ എത്തുന്നതിലൂടെ ആവർത്തിച്ചുള്ള ടൈപ്പിംഗും, എഡിറ്റിംഗും ഒഴിവാക്കപ്പെടുമെന്നും ഇ-ഫയലായി കാര്യങ്ങൾ വകുപ്പിലെത്തുമ്പോൾ വേഗത്തിൽ തീർപ്പാക്കാൻ സാധിക്കുമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. 2022 ആഗസ്റ്റ് മാസം 15-ാം തീയതിയ്ക്കകം ഡിവിഷൻതലം വരെ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ചിറ്റൂർ പുഴ പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം അനുവദിച്ച തുകയൊന്നും വിനിയോഗിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയ്ക്കാനുപാതികമായി തയ്യാറാക്കിയ ഡി.പി.ആർ. -ഉം പ്രോജക്ടുകളും ധനകാര്യം, ജലവിഭവം എന്നീ വകുപ്പുകൾക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ഗവൺമെന്റിൽ നിന്നുള്ള നബാർഡ് അനുമതി ലഭ്യമായാൽ മാത്രമേ ഇതിന്

ഭരണാനുമതി കൊടുക്കുവാൻ കഴിയുകയുള്ളൂ എന്ന നിർദ്ദേശമാണ് ലഭിച്ചതെന്ന് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I, കോഴിക്കോട് മറുപടി നൽകി. എന്നാൽ ഇക്കാര്യത്തിൽ അവ്യക്തതയുണ്ടെന്നും ധനകാര്യ വകുപ്പിലെ നബാർഡ് വിംഗ് അംഗീകാരം നൽകി സർക്കാർ ഉത്തരവ് കൊടുക്കുന്ന പ്രോജക്ടുകൾക്കു മാത്രമേ ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുള്ളുവെന്നും അനുവദിച്ച പ്രോജക്ടുകൾക്ക് പണം മുടക്കിയ ശേഷം നബാർഡിൽ നിന്നും റീഇംബേഴ്സ് ചെയ്യുകയാണ് ചെയ്യുന്നത് എന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിചേർത്തു. നബാർഡിലേയ്ക്ക് പോകേണ്ട പ്രൊപ്പോസലായിരുന്നുവെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയിലോ ശീർഷകത്തിലോ പദ്ധതി വിവരണത്തിലോ ഇക്കാര്യം സൂചിപ്പിക്കുമായിരുന്നുവെന്നും ഇത് സംബന്ധിച്ച് വിശദമായി പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും അപ്രകാരം പരിശോധിക്കാമെന്ന് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I, കോഴിക്കോട് ഉറപ്പു നൽകുകയും ചെയ്തു.

മീനച്ചിൽ പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം വകയിരുത്തിയ ബജറ്റ് വിഹിതവും വിനിയോഗിച്ച തുകയും പൂജ്യമാകാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതിയ്ക്കായുള്ള തടയണ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ഒരു വളവിലായതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്നുള്ള വിവരം പ്രോജക്ട് II എസ്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. 2011-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനെ തുടർന്ന് ടെണ്ടർ ചെയ്ത് കരാറുകാരൻ പണി തുടങ്ങിക്കഴിഞ്ഞപ്പോഴാണ് പ്രസ്തുത പദ്ധതിയുടെ രൂപരേഖ തെറ്റാണെന്ന് വകുപ്പു കണ്ടെത്തിയതെന്നും പ്രസ്തുത തടയണ ആ വളവിൽ നിന്നും മുന്നോട്ടോ പിന്നോട്ടോ മാറ്റിയാൽ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഇതിന്റെ പണി ആരംഭിക്കാൻ സാധിക്കുമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഒരു പ്രവൃത്തി വകുപ്പിന്റെ സാങ്കേതിക തകരാറുമൂലം ചെയ്യാൻ സാധിക്കാതെ വരികയും നിലവിൽ പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല എന്നും പറയുന്നത് ഖേദകരമാണെന്ന് സമിതി വിലയിരുത്തുകയും വകുപ്പ് സാങ്കേതികാനുമതി നൽകി ആരംഭിച്ച പ്രവൃത്തി സാങ്കേതിക തകരാറു കാരണം വകുപ്പുതന്നെ വേണ്ടെന്നു

വച്ചത് ഗൗരവമായി പരിശോധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി.-ക്ക് ചുമതല നൽകിയിട്ടുള്ള സാഹചര്യത്തിൽ, ഐ.ഡി.ആർ.ബി. പ്രസ്തുത സ്ഥലം സന്ദർശിച്ച് ആരംഭിച്ച പ്രവൃത്തി പൂർത്തിയാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് 2022 ആഗസ്റ്റ് 23, 24 എന്നീ തീയതികളിൽ പ്രോജക്ട്-II ചീഫ് എഞ്ചിനീയറുമായി ചേർന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ച ശേഷം ഒരു മാസത്തിനുള്ളിൽ രൂപരേഖ തയ്യാറാക്കാമെന്ന് ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

വനം വകുപ്പിൽ നിന്നും ബോറിംഗ് നടത്തുവാനുള്ള അനുവാദം ലഭിക്കാത്തതിനാൽ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണെന്നും ഇക്കാര്യം കേന്ദ്രസർക്കാരിന്റെ പരിവേഷ് എന്ന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും പ്രോജക്ട്-I ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. വകുപ്പുകൾ തമ്മിലുള്ള ഭരണപരമായ വിഷയങ്ങൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി രൂപകല്പന ചെയ്ത ഇ-പി.എം.ജി [E-PMG (Project Monitoring Group)] എന്ന വെബ് പോർട്ടലിൽ കൂടി ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചാൽ പ്രസ്തുത വിഷയം പരിഹരിക്കാനാവുമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും സമിതി അപ്രകാരം നിർദ്ദേശിക്കുകയും ചെയ്തു.

ബാണാസുരസാഗർ പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 12 കോടി രൂപയിൽ 4 കോടി രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂവെന്നതിന്റെ കാരണമായി 12 കോടി രൂപയുടെ ആക്ഷൻ പ്ലാനിന് ഭരണാനുമതി ഇല്ലാത്തതിനാൽ അംഗീകരിക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നുവെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 200.76 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിച്ചുവെങ്കിലും ബജറ്റിലെ തുകയ്ക്കാനുപാതികമായുള്ള ആക്ഷൻപ്ലാൻ അംഗീകരിക്കാനുള്ള നിർദ്ദേശമാണ് സർക്കാരിൽ നിന്നും ലഭിച്ചതെന്നും അതാണ് പ്രസ്തുത പദ്ധതി വൈകാനുള്ള കാരണമെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-I സമിതിയെ അറിയിച്ചു. പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചിട്ടില്ലെന്നും Social Impact Analysis നടക്കുന്നതേയുള്ളൂവെന്നും നിരീക്ഷിച്ച

സമിതി പ്രസ്തുത വിഷയം ഗൗരവമായി പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും അപ്രകാരം പരിശോധിക്കാമെന്ന് പ്രോജക്ട്-I ചീഫ് എഞ്ചിനീയർ ഉറപ്പ് നൽകുകയും ചെയ്തു.

ജനങ്ങളുടെ എതിർപ്പ് കാരണം കടമാൻതോട് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട സംഭരിക്കാൻ സാധിക്കുന്ന ജലത്തിന്റെ അളവ്, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിസ്തീർണ്ണം, പുനരധിവസിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രസ്തുത സ്ഥലം സന്ദർശിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്ന് ജലസേചന വകുപ്പ് പ്രോജക്ട്-I ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രസ്തുത പ്രോജക്ട് അവിടെ പൂർത്തികരിക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നുള്ള റിപ്പോർട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിക്കപ്പെടേണ്ടത് വകുപ്പിന്റെ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ചെക്ക് ഡാമുകളുടെ ശ്രേണി നിർമ്മിക്കുന്നതു സംബന്ധിച്ചും കടമാൻതോട് പദ്ധതിയെ സംബന്ധിച്ചുമുള്ള പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകിയ സമിതി, ആയത് ലഭിച്ചതിനുശേഷം സ്ഥലം സന്ദർശിക്കുന്നതിന് തീരുമാനിച്ചു.

കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി മുൻകാലങ്ങളിൽ പ്രത്യേകമായി ഒരു ബജറ്റ് ശീർഷകം ഉണ്ടായിരുന്നില്ലായെന്നും എന്നാൽ ഈ വർഷത്തെ ബജറ്റിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പണം കിട്ടുന്നതുവരെ കാത്തു നിൽക്കാതെ പ്രോജക്ടുകൾ തയ്യാറാക്കുകയാണെങ്കിൽ അധികധനാനുമതി വഴിയോ മറ്റ് ധനാഗമന മാർഗ്ഗങ്ങൾ മുഖേനയോ തുക അനുവദിക്കുമ്പോൾ തന്നെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കൃത്യമായ പ്രോജക്ടുകൾ തയ്യാറാക്കിയാൽ കടൽക്ഷോഭവും വേലിയേറ്റവും പോലുള്ള അടിയന്തരഘട്ടങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനായി അനുവദനീയമായ തുക ഉപയോഗിക്കാമെന്നും NCCR (National Centre for Costal Research)-ന്റെ റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ വകുപ്പിന്റെ കൈവശമുള്ള തുകയ്ക്ക് ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളുവെന്നും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കാതെ നടപ്പുസാമ്പത്തികവർഷം കിഫ്ബിയിൽ നിന്നും അധിക തുക ആവശ്യപ്പെടാൻ സാധിക്കുകയില്ലായെന്നും 65 കിലോമീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് കൈവശമുള്ള സ്ഥിതിയ്ക്ക് ഇതിനുവേണ്ട പഠനവും അന്വേഷണവും വേഗത്തിൽ പൂർത്തീകരിച്ച്

പ്രവൃത്തി ആരംഭിച്ചാൽ മാത്രമേ ഇത് വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശം നൽകി.

ജലവിഭവ വകുപ്പിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും പ്രവർത്തനങ്ങളിൽ വളരെ നല്ല രീതിയിൽ സഹകരിച്ച ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ. ജോസിനെ യോഗം അഭിനന്ദിക്കുകയും സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തു.

## II. കരട് റിപ്പോർട്ട് പരിഗണന

### 1. 2021-22 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[ഫ.നം. 9761/സബ്.സി.എ 1/2022/നി.സെ.]

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

### 2. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

[ഫ.നം. 6320/സബ്.സി.എ 1/2022/നി.സെ.]

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.35 -ന് യോഗം അവസാനിച്ചു.

## 5. 22.10.2022-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2022 ഒക്ടോബർ മാസം 22-ാം തീയതി ശനിയാഴ്ച്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേകക്ഷണിതാവായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും സന്നിഹിതനായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. ജി. എസ്. ജയലാൽ
2. ശ്രീ. എച്ച് സലാം

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം :**

ശ്രീ. ടി. സിദ്ദിഖ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. ജി. സുകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ(ഇൻ-ചാർജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലവിഭവ വകുപ്പ്.
3. ശ്രീമതി ഗീത എൻ., ഡെപ്യൂട്ടി ഡയറക്ടർ, ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി.) വകുപ്പ്.
4. ശ്രീമതി ബിന്ദു കെ. പി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി.) വകുപ്പ്.
5. ശ്രീ. ശിവകുമാർ വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി.)വകുപ്പ്.

പ്രസ്തുത യോഗത്തിൽ ഒൻപതാം കേരള നിയമസഭയുടെ പറമ്പിക്കുളം-മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച 1994-ലെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 5 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, വകുപ്പിൽ നിന്നുള്ള മറ്റ് റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**റിപ്പോർട്ടുകളുടെ പരിഗണന**

**I. 2016-17 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 25.07.2016, 08.08.2016 എന്നീ തീയതികളിലെ സമിതിയോഗ നിർദ്ദേശം - ഒൻപതാം കേരള നിയമസഭയുടെ പറമ്പിക്കുളം-മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി ശിപാർശ- ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് [ക്രമ നം. 5 മുതൽ]**

(ഫയൽ നം. 2419/സബ്.സി.എ 1/2017/നി.സെ)

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 25.07.2016-ൽ ചേർന്ന ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ യോഗം, ധനാഭ്യർത്ഥന നമ്പർ XXXVIII(ജലസേചനം)-ന്റെ പരിഗണനാവേളയിൽ ഡാം സുരക്ഷ സംബന്ധിച്ച് ചർച്ച ചെയ്യുകയും മുല്ലപ്പെരിയാർ-പറമ്പിക്കുളം നദീജലക്കരാറുകൾ സംബന്ധിച്ച 1994-ലെ അഡ്ഹോക് കമ്മിറ്റി റിപ്പോർട്ടിലെ സാഹചര്യമാണോ ഇന്നും നിലനിൽക്കുന്നതെന്ന് ആരായുകയും പ്രസ്തുത റിപ്പോർട്ട് സെക്രട്ടറിതലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് അഡ്ഹോക് കമ്മിറ്റി റിപ്പോർട്ടിലെ ആകെയുള്ള 29 ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ജലവിഭവ വകുപ്പ് ലഭ്യമാക്കുകയും ആയതിൽ 1 മുതൽ 4 വരെയുള്ള നിർദ്ദേശങ്ങളിന്മേലുള്ള മറുപടി 10.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും തുടർനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് എന്ന വിവരം നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് അഡ്ഹോക് കമ്മിറ്റി റിപ്പോർട്ടിലെ 5 മുതലുള്ള ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിച്ചു.

**ശിപാർശ നമ്പർ 5 & 6**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ (5), (6) എന്നീ ശിപാർശകളുമായി ബന്ധപ്പെട്ട് അപ്പർ നീരാറിലെ അധിക ജലം കേരളത്തിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് നിയമ-സാങ്കേതിക വിദഗ്ധരുമായി വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം സർക്കാർതലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നുള്ള മറുപടിയാണ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന്

ആഗസ്റ്റ് 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് ജലം വിടണമെന്നുള്ളതാണ് സമിതി ശിപാർശയെങ്കിലും നിലവിൽ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയാണ് അപ്പർ നീരാറിലെ ജലം കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നതിനാൽ ഗവൺമെന്റുതലത്തിൽ ചർച്ച ചെയ്തുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്നും നീരാറിലെ ജലം ലഭിക്കുന്നതിന് നിലവിൽ പ്രശ്നമൊന്നും തന്നെ ഇല്ലായെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

ഗേജിംഗ് സിസ്റ്റം വിലയിരുത്തിയപ്പോൾ കേരളത്തിന് 1.11 ടി.എം.സി.എഫ് അധികജലം ലഭിക്കാൻ അർഹതയുണ്ടെന്ന് 1994-ലെ അഡ്ഹോക്ക് കമ്മിറ്റി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ശിപാർശ നൽകിയതെന്ന് സമിതി വിലയിരുത്തി. നിലവിൽ ഗേജിംഗ് കൃത്യമായി നടത്തുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു റിപ്പോർട്ട് സമർപ്പിച്ചതെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഇത്തരത്തിൽ അധികമായി ലഭിക്കുന്ന ജലം ഇടമലയാർ ഡാമിലേയ്ക്കാണ് പോകുന്നതെന്നും അഡ്ഹോക്ക് കമ്മിറ്റി നിർദ്ദേശം വന്നതിനുശേഷമാണ് നെടുമ്പാശ്ശേരി വിമാനത്താവളവും മറ്റും പ്രവർത്തനമാരംഭിച്ചത് എന്നതിനാൽ കൂടുതൽ ജലം ഒഴുക്കിവിടുന്നതുമൂലം വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളുണ്ടായാൽ എയർപോർട്ട് ഉൾപ്പെടെയുള്ളവയെ അത് പ്രതികൂലമായി ബാധിക്കുമെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി.) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. തുടർന്ന് സാധാരണ നിലയിൽ കേരളത്തിൽ കൂടുതൽ മഴ ലഭിക്കുന്ന ആഗസ്റ്റ് 1 മുതൽ അധിക ജലം ലഭിക്കുന്നത് സംസ്ഥാനത്തിന് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമോയെന്നുള്ള കാര്യംകൂടി പരിഗണിച്ചുകൊണ്ടുവേണം ഇത്തരമൊരു ആവശ്യമുന്നയിക്കേണ്ടതെന്നും എല്ലാ വിഷയങ്ങളും പരിശോധിച്ചതിനുശേഷം പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്താൽ മതിയെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. 1994-ലെ അഡ്ഹോക്ക് കമ്മിറ്റിയുടെ ശിപാർശ 2022-ൽ വിലയിരുത്തപ്പെടുമ്പോൾ അന്നത്തെ സാഹചര്യങ്ങളിൽ നിന്നും നിലവിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടാകാം എന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയതു പോലെ എല്ലാ വിഷയങ്ങളും പരിശോധിച്ച് വിദഗ്ദ്ധ സമിതിയുടെ ഉപദേശംകൂടി തേടിയതിനുശേഷം

മാത്രം പ്രസ്തുത വിഷയത്തിൽ തീരുമാനമെടുത്താൽ മതിയെന്ന് സമിതി വിലയിരുത്തി. തുടർന്ന് അഡ്ഹോക്ക് കമ്മിറ്റിയുടെ 5,6 എന്നീ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 7 & 8**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 7,8 എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധിച്ചതിനു ശേഷം തീരുമാനമെടുത്താൽ മതിയെന്ന് ബഹു. മുഖ്യമന്ത്രി അറിയിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

**ശിപാർശ നമ്പർ 9, 10 & 11**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 9, 10, 11 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. പവർഹൗസ് കോൺസ്റ്റന്റിന്റെ അടിസ്ഥാനത്തിൽ സർക്കാർപതി പവർഹൗസിൽ മുൻവർഷത്തെ അളവുകളെ അടിസ്ഥാനമാക്കി പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വിശദമായ പഠനം നടത്തുകയും നിലവിലെ ഗേജിംഗ് സംവിധാനമാണ് കൂടുതൽ കൃത്യതയുള്ളതെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സ്ഥിതി തുടർന്നുവരികയാണെന്ന് ജലവിഭവ വകുപ്പ്(ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയർ(ഇൻ-ചാർജ്ജ്) അറിയിച്ചു. തുടർന്ന് സർക്കാർപതി പവർഹൗസിൽ ഉപയോഗിക്കാവുന്ന ജലത്തിന്റെ തോത് നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള സമവാക്യം യഥാർത്ഥ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ മാറ്റംവരുത്തുന്നതിന് കരാർ പുതുക്കുമ്പോൾ ആവശ്യപ്പെടേണ്ടതാണെന്നുള്ള അഡ്ഹോക് കമ്മിറ്റിയുടെ 9, 10, 11 എന്നി നിർദ്ദേശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 12, 13, 14**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 12, 13, 14 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിശോധിച്ചു. ആളിയാർ ഡാമിൽനിന്ന് മണക്കടവ് വരെ ഏകദേശം 40 കിലോമീറ്റർ ദൂരമുണ്ടെന്നും യഥാർത്ഥത്തിൽ ആളിയാറിൽ വച്ചാണ് ജലം അളക്കേണ്ടതെങ്കിലും തമിഴ്നാട്

ഏരിയയിൽ ചില സ്ഥലങ്ങളിൽ പമ്പിംഗ് നടത്തുന്നതുമൂലം ജലം നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളതുകൊണ്ട് അതിർത്തിക്കടുത്തുള്ള മണക്കടവിൽവച്ചാണ് ജലം അളക്കുന്നതെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. 4 ടി.എം.സി. ഫീറ്റ് ജലം തമിഴ്നാട് എടുക്കുമ്പോൾ കരാർ പ്രകാരം ചിറ്റൂർ പുഴയ്ക്ക് അർഹതപ്പെട്ട ജലം ലഭിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു. വരൾച്ചയുണ്ടാകുന്ന അവസരത്തിലൊഴികെ ബാക്കിയുള്ള സന്ദർഭങ്ങളിൽ മതിയായ ജലം ലഭിക്കുന്നുണ്ട് എന്നും എന്നാൽ രൂക്ഷമായ വരൾച്ചയുണ്ടാകുന്ന സമയത്ത് അളവിൽ കുറവ് വരുന്നുണ്ട് എന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. മണക്കടവിലെത്തുന്ന ജലത്തിന്റെ അളവിൽ കുറവ് വരുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. ജലത്തിന്റെ അളവിൽ കുറവ് വരുന്നത് സംബന്ധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും എല്ലാ ചർച്ചകളിലും പ്രസ്തുത വിഷയത്തെക്കുറിച്ച് സൂചിപ്പിക്കാറുണ്ടെങ്കിലും ജലം അളന്ന് കണക്കാക്കുന്ന രീതിയിലാണ് തർക്കമുള്ളതെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

സംസ്ഥാനത്തിന് അർഹമായ ജലം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിനു മറുപടിയായി മണക്കടവിന് മുകളിലാണ് 5 ആനിക്കെട്ടുകളുള്ളത് എന്നും മണക്കടവിൽവച്ച് അളക്കുന്നതിനാൽ വ്യത്യാസം വരുന്നില്ലായെന്നും ഇതു പ്രകാരം കേരളത്തിനർഹമായ ജലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുമെന്നും ജലവിഭവ (ഐ. എസ്. ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

12, 13, 14 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 15 & 16**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 15, 16 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ കോണ്ടൂർ

കനാലിലെ ജലം തമിഴ്നാട് കൊണ്ടുപോകുന്നത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികളെ സംബന്ധിച്ച് സമിതി ആരാഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തിയിരുന്നുവെന്നും ഏകദേശം 4 ടി.എം.സി. ഫീറ്റ് ജലം തമിഴ്നാട് കൊണ്ടുപോകുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇത് കണക്കാക്കിയ രീതി തമിഴ്നാട് അംഗീകരിച്ചിട്ടില്ലായെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസി. എക്സി. എഞ്ചിനീയർ അറിയിച്ചു. തുടർന്നുവരുന്ന ചർച്ചകളിൽ ഈ വിഷയം ശക്തമായി ഉന്നയിക്കണമെന്നും ചീഫ് സെക്രട്ടറി തലത്തിൽ ഒരു യോഗം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പൊതുവായ നിർദ്ദേശം നല്കി.

കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ മൂന്ന് സെക്രട്ടറിതല ചർച്ചകളിലും മുൻ ജോയിന്റ് വാട്ടർ റഗുലേറ്ററി (ജെ.ഡബ്ല്യൂ.ആർ.) ബോർഡ് മീറ്റിംഗിലും പ്രസ്തുത ആവശ്യം ഉന്നയിച്ചതിൻപ്രകാരം സംയുക്തമായി പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ധാരാളമായി മഴ ലഭിക്കുന്ന നോർത്ത്-ഈസ്റ്റ് മൺസൂൺ സീസണിൽ മാത്രമേ പഠനം നടത്താൻ സാധിക്കുകയുള്ളൂ എന്നതിനാൽ വീണ്ടും പഠനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 15, 16 എന്നിവയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**<u>ശിപാർശ നമ്പർ 17 & 18</u>**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 17, 18 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പ്രസ്തുത വിഷയം സംബന്ധിച്ച പഠനം നടത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ-ൽ നിന്ന് ഒരാളും ജലസേചന വകുപ്പിൽനിന്ന് 3 പേരും ഉൾപ്പെടെ 4 അംഗങ്ങളുള്ള ഒരു സബ് കമ്മിറ്റി രൂപീകരിച്ച് 2022 മേയ് മാസത്തിൽ ആദ്യയോഗം ചേർന്നുവെന്നും മഴലഭ്യതയുടെ അടിസ്ഥാനത്തിൽ നീരാർ-നല്ലാർ സ്റ്റേയിറ്റ് കട്ട് പദ്ധതിയുടെ പ്രയോജനം സംബന്ധിച്ച് ഹൈഡ്രോളജി ഡിപ്പാർട്ടുമെന്റ് നടത്തിയ പഠനത്തിൽനിന്നും പ്രസ്തുത പദ്ധതി കേരളത്തിന് പ്രായോഗികമല്ലെന്നാണ്

കണ്ടെത്തിയതെന്നും മുൻ മീറ്റിംഗിൽ ഗേജിംഗിന്റെ ശരിയായ അളവുവച്ച് ഒന്നുകൂടി അവലോകനം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇത് സംബന്ധിച്ച വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും ജലവിഭവ വകുപ്പ് (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) സമിതിയെ ധരിപ്പിച്ചു.

നിലവിൽ നീരാറിലെ ജലം തമിഴ്നാട് ഷോളയാറിൽനിന്നും പറമ്പിക്കുളത്ത് എത്തിയതിനുശേഷം കോണ്ടൂർ കനാൽ വഴിയാണ് തിരുമൂർത്തിയിലേയ്ക്ക് പോകുന്നത്. എന്നാൽ ഇത്രയും ദൈർഘ്യമേറിയ വഴി മാറ്റി ഒരു ടണൽ വഴി ജലം നേരെ ഭാരതപ്പുഴയിലെത്തിക്കാനാണ് തമിഴ്നാട് ആവശ്യപ്പെടുന്നത് എന്നും ഇത് അധികജലം ഒഴുകിപ്പോകുന്ന സ്പില്ലിനെയും ജലലഭ്യതയെയും ദോഷകരമായി ബാധിക്കുമെന്നും പുതിയ പദ്ധതി വരുകയാണെങ്കിൽ അതിന്റെ നിയന്ത്രണം കേരളത്തിന് ലഭിച്ചാൽ മാത്രമേ ഇതുകൊണ്ട് നേട്ടമുണ്ടാകുകയുള്ളൂവെന്നും അല്ലെങ്കിൽ ആയത് കേരളത്തെ ദോഷകരമായി ബാധിക്കുമെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യു.സി) വകുപ്പ് അസി. എക്സി. എഞ്ചിനീയർ കൂട്ടിച്ചേർത്തു. തുടർന്ന് അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 17, 18 എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 19 & 20**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ 19-ാമത് ശിപാർശയുടെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

20-ാമത് ശിപാർശയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിശോധിച്ചു. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ പ്രദേശങ്ങളിലുള്ള 165 കെട്ടിടങ്ങളിൽ 87 എണ്ണം തമിഴ്നാടിന്റെ കൈവശമാണെന്നും അവയിൽ 14 എണ്ണം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്നും തമിഴ്നാടിന് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ ലൈസൻസ് ഫീസ് മാത്രമാണ് വനം വകുപ്പ് ഇപ്പോൾ ഈടാക്കുന്നതെന്നും പ്രസ്തുത വിഷയം ജെ.ഡബ്ല്യൂ.ആർ. ബോർഡ് മീറ്റിംഗിലും കരാർ ചർച്ചകളിലുമെല്ലാം ഉന്നയിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു.

തുടർന്ന് പ്രസ്തുത വിഷയത്തിന്മേലുള്ള പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങൾ അവരുടെ ജീവനക്കാർക്ക് ആവശ്യമുണ്ടെന്നാണ് പറയുന്നതെന്നും കരാർപ്രകാരം ആയത് കേരളത്തിന് വിട്ടുതരേണ്ടതാണെന്നും പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി തമിഴ്നാടിനാവശ്യമായ മിനിമം ജീവനക്കാർക്ക് വേണ്ട സൗകര്യം നൽകാമെന്ന് പറഞ്ഞുവെങ്കിലും തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങൾ വിട്ടുതരാൻ അവർ തയ്യാറാകുന്നില്ല എന്നതാണ് നിലവിലെ അവസ്ഥയെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസി. എക്സി. എഞ്ചിനീയർ അറിയിച്ചു. തുടർന്ന് കരാർ പ്രകാരം കേരളത്തിന് അവകാശപ്പെട്ട തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങൾ വിട്ടുതരാൻ ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 20-ന്റെ നടപടി പത്രിക സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 21**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 21-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യം സുപ്രിംകോടതിവിധിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന സാഹചര്യത്തിൽ അത്തരം കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതില്ലായെന്ന് സമിതി തീരുമാനിച്ചു.

**ശിപാർശ നമ്പർ 22**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 22-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരളം എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും 2006-ലെയും 2014-ലെയും ബഹു.സുപ്രീം കോടതി വിധി തമിഴ്നാടിന് അനുകൂലമായതിന്റെ അടിസ്ഥാനത്തിൽ അരമതിലിന്റെ നിർമ്മാണം തമിഴ്നാട് പൂർത്തീകരിച്ചുവെന്ന് ജലവിഭവ (ഐ. എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

അരമതിലിന്റെ നിർമ്മാണ സമയത്ത് മുല്ലപ്പെരിയാർ ഡാമിന്റെ ജലവിതാനം

142 അടിയുണ്ടായിരുന്നുവെന്നും 2006-ലെയും 2014-ലെയും കോടതി വിധിയിൽ നിന്നും വ്യത്യസ്തമായി ജലവിതാനം 142 അടി അധികരിക്കരുതെന്ന കോടതി വിധിക്കു ശേഷമാണ് ഇൻസ്ട്രുമെന്റേഷനും ടെക്നിക്കൽ കമ്മിറ്റി പരിശോധനകളുമെല്ലാം നടന്നത് എന്നതിനാൽ 2006-ലെയും 2014-ലെയും കോടതി വിധിയെ അവലംബിക്കാതെ സംസ്ഥാനത്തിന് അനുകൂലമായ കാര്യങ്ങൾ മറുപടിയിൽ രേഖപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>ശിപാർശ നമ്പർ 23</u>

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 23-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. 2014-ലെ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ 142 ടി.എം.സി. വരെയുള്ള ജലനിരപ്പ് നിരീക്ഷിക്കാനായി രൂപീകരിച്ച മേൽനോട്ട സമിതിയിൽ 2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ഓരോ ടെക്നിക്കൽ മെമ്പേഴ്സിനെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനുശേഷം നടന്ന രണ്ട് യോഗങ്ങളിലും ഡാമിന് ഇൻസ്ട്രുമെന്റേഷനും സമഗ്രമായ സുരക്ഷാനിർണ്ണയവും വേണമെന്നതുൾപ്പെടെ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള എല്ലാ ആശങ്കകളും കേരളത്തിന്റെ പ്രതിനിധികൾ അവതരിപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മൂന്നാമത് ഒരു പാർട്ടിയെക്കൊണ്ട് നിലവിലെ ഇൻസ്ട്രുമെന്റേഷന്റെ വിലയിരുത്തൽ നടത്താമെന്ന് തീരുമാനിച്ചുവെന്നും ആയതിനു വേണ്ട പരിശോധനാവിഷയങ്ങൾ തയ്യാറാക്കികഴിഞ്ഞുവെന്നും ഡാം സുരക്ഷാ നിയമപ്രകാരം നടത്തേണ്ട സമഗ്രമായ സുരക്ഷാ വിലയിരുത്തൽ സംബന്ധിച്ചും അനുകൂലമായ സമീപനമാണ് അറിയിച്ചിട്ടുള്ളതെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

ജലവിതാനം 142 അടിയിൽ അധികരിക്കരുതെന്ന ബഹു. സുപ്രീംകോടതി ഉത്തരവുള്ളതിനാൽ അഡ്ഹോക്ക് കമ്മിറ്റിയുടെ ശിപാർശയോടുകൂടി മാത്രമേ മുല്ലപ്പെരിയാറിന്റെ ജലവിതാനം 152 അടി ആക്കാൻ പാടുള്ളൂ എന്നുള്ള ശിപാർശ നിലനിൽക്കുന്നില്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശിപാർശ സംസ്ഥാന

താല്പര്യത്തിന് വിരുദ്ധമായതിനാൽ അതിന്റെ അടിസ്ഥാനത്തിൽ ഒന്നും ചെയ്യേണ്ടതില്ലായെന്ന് ബഹു. മുഖ്യമന്ത്രി കൂട്ടിച്ചേർക്കുകയും ചെയ്തു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 24**

മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട വൈദ്യുതി ഉല്പാദനത്തിന്റെ ആദായ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലാണെന്ന് നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെടുകയും വകുപ്പിന്റെ നടപടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**ശിപാർശ നമ്പർ 25**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 25-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ, നിലവിൽ വൈദ്യുതി ഉത്പാദനത്തിന്റെ റീഡിംഗ് എടുക്കുന്നത് വർഷത്തിലൊരിക്കലാണെന്നും ഇത് മൂന്ന് മാസത്തിലൊരിക്കലോ മാസത്തിലൊരിക്കലോ ആക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടിന് കത്തയച്ചിട്ടുണ്ടെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു തമിഴ്നാട് സർക്കാരുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നല്കി.

തുടർന്ന് പ്രസ്തുത നടപടി പത്രിക സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 26**

പ്രസ്തുത ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 27**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 27- ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കുമളിയിലെ കാർ പാർക്കിംഗ് സ്ഥലം പാട്ട ഭൂമിയിലാണെന്ന് കാണിച്ച് തമിഴ്നാട് സർക്കാർ

ഫയൽ ചെയ്ത ഒരു കേസുണ്ടെന്നും റീ സർവ്വേ ചെയ്യുമ്പോൾ വിസ്തീർണ്ണം കൂടിയാൽ അത് ആ കേസ്സിനെ ബാധിക്കുമെന്ന സംശയമുള്ളതിനാൽ ഇപ്പോൾ റീ സർവ്വേ നടത്തേണ്ടതില്ലെന്ന് സീനിയർ കൗൺസിലിന്റെ നിയമോപദേശം ലഭ്യമായിട്ടുണ്ടെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത നടപടി പത്രിക സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 28**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 28-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ, അന്തർ സംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വേഗത്തിലും കൃത്യമായും തീരുമാനം എടുക്കുന്നതിനും സർക്കാരിനാവശ്യമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുന്നതിനുമായി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ ശ്രദ്ധയിൽപ്പെടുത്തി. നിലവിൽ രൂപീകരിച്ചിട്ടുള്ള സമിതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയാൽ മതിയാകുമെന്ന് ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

പ്രസ്തുത നടപടി പത്രിക സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 29**

അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നമ്പർ 29 സംബന്ധിച്ച ചർച്ചയിൽ സംസ്ഥാനത്തെ നദികളെയും ജലാശയങ്ങളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നതിനും ദീർഘവീക്ഷണത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതായി ഉദ്യോഗസ്ഥർ അറിയിച്ചതിനെത്തുടർന്ന് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

II **10.07.2019-ലെ സമിതിയോഗ നിർദ്ദേശം - (1) മുതൽ (7) വരെയുള്ള ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നം. 2419/സബ്.സി.എ 1/2017/നി.സെ.)

**<u>ശിപാർശ നമ്പർ 7</u>**

ശിപാർശ നമ്പർ 7-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിശോധിച്ചു. പി.എ.പി.കരാർ പ്രകാരം തമിഴ്നാട്ടിൽ നിന്നും ലഭിക്കേണ്ട ജലം യഥാസമയം ലഭിക്കാത്തതിനെത്തുടർന്ന് വൈദ്യുതോല്പാദനരംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് 56,12,22,548/- രൂപ നഷ്ടമുണ്ടാതായി കണക്കാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നഷ്ടപരിഹാരം ആവശ്യപ്പെട്ട് തമിഴ്നാടിനെതിരെ ബഹു. സുപ്രീംകോടതിയിൽ 16.04.2013-ന് അസ്സൽ അന്യായം ഫയൽ ചെയ്യുകയും കൂടാതെ അനധികൃത നിർമ്മാണങ്ങൾക്കും കരാർ ലംഘനങ്ങൾക്കുമെതിരെ കേരളം ഫയൽ ചെയ്ത IA -യ്ക്കെതിരെ തമിഴ്നാട് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ചെയ്തു എന്നും 02.01.2019-ൽ കേരളം ഇതിനെതിരെ റീജോയിന്റർ ഫയൽ ചെയ്തുവെങ്കിലും നാളിതുവരെ പ്രസ്തുത കേസ് തുടർ വിചാരണയ്ക്കായി പരിഗണിച്ചിട്ടില്ലായെന്നും ബഹു. ചെയർമാൻ സമിതിയെ അറിയിച്ചു. കോടതി വിധി വന്നതിനുശേഷം മാത്രമേ ഇത് സംബന്ധിച്ച തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ജലവിഭവ വകുപ്പ് (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) ബോധിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത നടപടി പത്രിക സമിതി അംഗീകരിച്ചു.

**<u>ശിപാർശ നമ്പർ 1 ,2,3,4</u>**

ഗേജിംഗ് പോയിന്റുകളിൽ വരുന്ന ഒഴിവുകൾ അടിയന്തരമായി നികത്തണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിശോധിക്കുകയുണ്ടായി ഗേജിംഗിൽ പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നുവെങ്കിലും ജോലികളിൽ തടസ്സം നേരിടാത്തവിധം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പാലക്കാട് ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷനു കീഴിൽ 64 തസ്തികകളുള്ളതിൽ ഒന്നിനും കണ്ടിന്യുവസ് സാങ്ഷൻ ഇല്ലെന്നും ശ്രദ്ധയിൽപ്പെട്ട സമിതി, തസ്തികകൾ നികത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അക്കാര്യങ്ങൾ വിഷയനിർണ്ണയ സമിതി ചർച്ച ചെയ്യേണ്ടതില്ലെന്നും നിർദ്ദേശിച്ചു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

**ശിപാർശ നം. 5**

പ്രസ്തുത ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ ഗേജിംഗ് പോയിന്റുകളിൽ നിന്നും ഇപ്പോൾ ജലത്തിന്റെ കൃത്യമായ അളവ് ലഭിക്കുന്നുണ്ടോയെന്ന് ബഹു. മുഖ്യമന്ത്രി ആരാഞ്ഞു. ആദ്യപടിയായി പറമ്പിക്കുളം, ആളിയാർ, ഷോളയാർ എന്നിവിടങ്ങളിൽ ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ സ്ഥാപിച്ചിട്ടുണ്ട് എന്നും അടുത്ത പടിയായി NHP (National Hydrology Project)-യുടെ കീഴിൽ മറ്റ് സ്ഥലങ്ങളിലും ആയത് സ്ഥാപിക്കാമെന്ന് തമിഴ്നാട് അറിയിച്ചിട്ടുണ്ടെന്നും റേഞ്ച് ലഭിക്കാത്ത ഉൾപ്രദേശങ്ങളുള്ളതിനാൽ അവിടങ്ങളിൽ നിന്നും റിയൽ ടൈം റീഡിംഗ് ലഭിക്കാൻ പ്രയാസമുണ്ടെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി.) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇക്കാര്യത്തിൽ സാങ്കേതികവശങ്ങൾ കൂടി പരിശോധിക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശം നല്കി.

പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സെക്രട്ടറിതല സാങ്കേതിക സമിതിയുടെ യോഗങ്ങളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ ഗേജിംഗ് പോയിന്റുകളിൽ RTDAS(Real Time Data Acquisition System) സംവിധാനം ഏർപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിലെ റീഡിംഗ് പോയിന്റുകളിൽ മൂന്നെണ്ണം സ്ഥാപിച്ചുവെന്നും ബാക്കിയുള്ളവയിൽ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. പ്രസ്തുത വിഷയം സംസ്ഥാന താല്പര്യമായതിനാൽ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

**ശിപാർശ നം. 6**

അന്തർ സംസ്ഥാന നദീജല കരാറുകളിലെ പാട്ടത്തുക 1985-ൽ പുതുക്കേണ്ടതായിരുന്നുവെങ്കിലും ആയത് നാളിതുവരെ പുതുക്കാത്തത് പരിശോധിച്ച്. റിപ്പോർട്ട് ലഭ്യമാക്കണമെന്ന ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ വ്യക്തത വരുത്തി പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III. <u>20.09.2016-ലെ സമിതിയോഗ നിർദ്ദേശം - തമിഴ്നാടിന് കേരളത്തിൽ നിന്നും എടുക്കാവുന്ന വെള്ളത്തിന്റെ അളവ് സംബന്ധിച്ച വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിക്കണമെന്ന സമിതിയോഗ നിർദ്ദേശം - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.</u>

(ഫയൽ നം. 2892/സബ്.സി.എ 1/2017/നി.സെ)

<u>**ശിപാർശ നം. 2**</u>

പ്രസ്തുത ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. കരാർ പ്രകാരം ഷോളയാറിൽ നിന്നും 2.5 ടി.എം.സി. ജലം മാത്രമേ തമിഴ്നാടിന് എടുക്കാൻ അധികാരമുള്ളൂവെങ്കിലും നിലവിൽ 6 ടി.എം.സി. ജലം എടുക്കുന്നുവെന്ന് സമിതി റിപ്പോർട്ടിൽ പരാമർശമുള്ളതിനാൽ കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവിൽ കുറവ് വരുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട് എന്നും ഷോളയാറിൽ നിന്നും ലഭിക്കേണ്ട 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കുന്നുണ്ടെന്നും വരൾച്ചയുണ്ടാകുന്ന സന്ദർഭങ്ങളിൽ ഇരു സംസ്ഥാനങ്ങൾക്കും ലഭിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് അനുഭവപ്പെടാറുണ്ടെന്നും ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിക്ക് മറുപടി നല്കി.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

IV. <u>21.06.2018-ലെ സമിതിയോഗ നിർദ്ദേശം - അന്തർസംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായി പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഉപദേശക സമിതിയുടെ രൂപീകരണം, തുടർപ്രവർത്തനങ്ങൾ, സമിതിയിലെ അംഗങ്ങൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന സമിതിയോഗ നിർദ്ദേശം - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.</u>

(ഫയൽ നം. 525/സബ്.സി.എ 1/2019/നി.സെ)

പ്രസ്തുത നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

V. <u>2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 12.02.2018, 16.02.2018, 21.02.2018 എന്നീ തീയതികളിലെ സമിതിയോഗ നിർദ്ദേശം - പറമ്പിക്കുളം കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നതിന് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ ആവശ്യം ഉന്നയിക്കുക, അന്തർസംസ്ഥാന ജലഉപദേശക സമിതി നിലവിൽ വന്നത് സംബന്ധിച്ചും പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നീ സമിതിയോഗ നിർദ്ദേശങ്ങൾ - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.</u>

(ഫയൽ നം. 523/സബ്.സി.എ 1/2019/നി.സെ)

**<u>ശിപാർശ നമ്പർ 7, 8</u>**

പ്രസ്തുത ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

അന്തർസംസ്ഥാന നദീജല കരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബഹു. മുഖ്യമന്ത്രി സൂചിപ്പിച്ച കാര്യങ്ങൾ പ്രത്യേകം പരിശോധിക്കണമെന്നും തസ്തികകൾ നികത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കണമെന്നും സമിതി വിലയിരുത്തി.

ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം അവസാനിച്ചു.

## 6. <u>16.02.2023-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2023 ഫെബ്രുവരി 16-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ</u>**

1. ശ്രീ. ലിന്റോ ജോസഫ്
2. ശ്രീ. സി. ആർ. മഹേഷ്
3. ശ്രീ. കെ. ജെ. മാക്സി
4. ശ്രീ. എച്ച്. സലാം

**<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം</u>**

ശ്രീ. ടി. സിദ്ദിഖ്

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ. എം. കെ., അണ്ടർ സെക്രട്ടറി.

**<u>ഹാജരായ ഉദ്യോഗസ്ഥർ</u>**

1. ശ്രീ. അശോക് കുമാർ സിംഗ്, സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. വെങ്കടേശപതി എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.
3. ശ്രീ. ജോൺ വി. സാമുവൽ, ഡയറക്ടർ, ഭൂഗർഭ ജല വകുപ്പ്
4. ശ്രീ. പ്രേം ലാൽ എം., ഡയറക്ടർ (എച്ച്.ആർ.), ജലനിധി
5. ശ്രീമതി അന്ന എസ്.നായർ, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്
6. ശ്രീ. വി. സുശീൽ കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് -I, കോഴിക്കോട്
9. ശ്രീ. അനിൽ കുമാർ കെ.കെ., ചീഫ് എഞ്ചിനീയർ(പ്രോജക്ട്സ് & ഓപ്പറേഷൻസ്), കേരള വാട്ടർ അതോറിറ്റി
10. ശ്രീമതി ലീന കുമാരി എസ്., ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
11. ശ്രീ. ബാജി ചന്ദ്രൻ ആർ., ചീഫ് എഞ്ചിനീയർ, പ്രോജക്ട് -II
12. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.

13. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ

14. ശ്രീമതി ശോഭ കെ.എസ്., ജനറൽ മാനേജർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

15. ശ്രീ.പി.കെ. ജോണി, മാനേജർ, പി.എം.യു., ജലനിധി

16. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

17. ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

18. ശ്രീ. ലാലച്ചൻ പി.വി., ഡെപ്യൂട്ടി ഡയറക്ടർ, ജലനിധി

19. ഡോ. വി. പ്രദീപ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ജലനിധി

20. ശ്രീമതി ഹേമ എസ്.വി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി

21. ശ്രീ. അജിത് കുമാർ ജി., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് XX (ശുദ്ധജലവിതരണവും ശുചീകരണവും), XXIX [കൃഷി (ചെറുകിട ജലസേചനം)], XXXVIII (ജലസേചനം) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX (ശുദ്ധജലവിതരണവും ശുചീകരണവും)

**4215 - 01- 102- 98 (01)** -ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- നബാർഡ് സഹായമുള്ള ഗ്രാമീണ ജല വിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും മുൻകാലങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ നബാർഡ് ബില്ലുകൾ തീർപ്പാക്കുന്നതിനായി റീ ടെൻഷൻ/ ഡെപ്പോസിറ്റ് ഫണ്ടിൽ നിന്നും താത്കാലികമായി വിനിയോഗിച്ച അധിക തുക കൊടുത്തുതീർക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 86.37005 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 80 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും കരാറുകാർക്ക് 29.35 കോടി രൂപയുടെ കുടിശ്ശിക ബിൽ തുക കൊടുത്ത് തീർക്കാനുണ്ടെന്നും ഓരോ സാമ്പത്തിക വർഷവും ട്രാഞ്ചെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് നബാർഡ് അംഗീകാരം നൽകുന്നത് എന്നതിനാൽ ട്രാഞ്ചെ 23-ന് ശേഷം മൊത്തം പദ്ധതി ചെലവിന്റെ 15 ശതമാനം വിഹിതം സംസ്ഥാന സർക്കാർ വാട്ടർ അതോറിറ്റിക്ക് അനുവദിക്കുന്നില്ലായെന്നും പ്രസ്തുത വിഹിതം ലഭിക്കാത്തതിനെ തുടർന്നാണ് 29.35 കോടി രൂപയുടെ കുടിശ്ശിക ആയതെന്നും വാട്ടർ അതോറിറ്റി കുടിവെള്ള നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഒറ്റത്തവണയായി തുക അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് സമ്മതിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ലഭ്യമായി കഴിഞ്ഞാൽ വാട്ടർ അതോറിറ്റിയുടെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ അടുത്ത നബാർഡ് പ്രോജക്ട് ഏറ്റെടുക്കാൻ കഴിയുമെന്നും എന്നാൽ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായ 15 ശതമാനം തുക സർക്കാർ അനുവദിക്കേണ്ടതുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് വാട്ടർ അതോറിറ്റിക്ക് ഒറ്റത്തവണയായി തുക ലഭ്യമാക്കുന്നതിനും ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**2215 -02-106-97 -** ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യനിവാരണവും ശുചീകരണവും - വായു-ജലമലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ളപ്രവർത്തി

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.0121 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-92** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.3402 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 88 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ -ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജല വിതരണ പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 15.39 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 02- 190- 99** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 19.2283 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 101- 97** -ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധ ജലവിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/പുനരധിവാസം

നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 37.7547 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 52.399 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 89** -ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത

ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 112.4944 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 91** –ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് – ശുദ്ധജല വിതരണം – മറ്റു ചെലവുകൾ – മാനവശേഷി വികസനവും ഗവേഷണവും .

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 48.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 92** –ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് – ശുദ്ധജല വിതരണം – മറ്റു ചെലവുകൾ – ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 5.4432 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 –01–190–88** – ശുദ്ധജലവിതരണവും ശുചീകരണവും – ശുദ്ധജല വിതരണം – പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം –ഇ-ഗവേർണൻസ്, ജി.ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റും

സംവിധാനം പൂർണ്ണമായും പേപ്പർ രഹിതമാക്കുന്നതിനാവശ്യമായ പുതിയ കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ, അനുബന്ധ സാമഗ്രികളായ പ്രിന്റർ, കോപ്പിയർ, സ്കാനർ, ഇ-ഫയലിംഗ് സോഫ്റ്റ്വെയറിന് മാത്രമായി പുതിയ സെർവർ എന്നിവ വാങ്ങുന്നതിനും

ഇ.എം. ബുക്ക് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീൽഡ് ഓഫീസർമാർക്ക് ടാബ് വാങ്ങുന്നതിനും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.1942 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 102– 92 (02)** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) 50% സംസ്ഥാന വിഹിതം.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 9.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 4250 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജൽജീവൻ മിഷന്റെ പുതിയ പദ്ധതിക്കായി ആകെ 40203 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകയുടെ പകുതിയാണ് സംസ്ഥാന ഗവൺമെന്റ് നല്കുന്നതെങ്കിലും മാച്ചിംഗ് ഗ്രാന്റ് നല്കാനും സംസ്ഥാന സർക്കാർ തയ്യാറാണെന്നും 2024 വരെയുള്ള പ്രവൃത്തികൾക്ക് 2025-26 ആദ്യം വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ അതിനനുസരിച്ച് മാത്രമേ പണം കണ്ടെത്തേണ്ടതുള്ളൂവെന്നും കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്കാനുപാതിക മായാണ് സംസ്ഥാന സർക്കാർ തുക അനുവദിക്കേണ്ടതെന്നും മറിച്ച് ഭരണാനുമതിയനുസരിച്ച് തുക അനുവദിക്കേണ്ടതില്ലായെന്നും സമിതി വിലയിരുത്തി തുടർന്ന് നിലവിൽ എൽ.എസ്.ജി.ഡി. -യുടെ വിഹിതം കൂടി പ്രസ്തുത

പ്രവൃത്തികൾക്കായി വകയിരുത്താതെ സംസ്ഥാന ഗവൺമെന്റ് ഇത് തുല്യമായി കൊടുക്കുകയാണ് ചെയ്യുന്നതെന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് എൽ.എസ്.ജി.ഡി. -യുടെ വിഹിതം കൂടി പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**4215 – 01– 800– 90** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റ് ചെലവുകൾ - പ്രത്യേക സ്ഥാപനങ്ങൾ / സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.9531 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 –01–190–99– (01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.8743 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 –01–101–97 – (01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 5.9486 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-800-47** - ശുദ്ധജലവിതരണവും ശുചീകരണവും -
ശുദ്ധജലവിതരണം - മറ്റു ചെലവുകൾ
കുടിവെള്ളവിതരണവും - വരൾച്ച പരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 12.3981 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 87** -ശുദ്ധജലവിതരണവും ശുചീകരണവും
സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം
മറ്റുചെലവുകൾ- ഊർജ്ജ കാര്യക്ഷമതാ
മെച്ചപ്പെടുത്തൽ ഇലക്ട്രോമെക്കാനിക്കൽ
ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ
ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും
പ മ്പ്ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ
ഉറപ്പാക്കൽ

നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജലഅതോറിറ്റിയുടെ പമ്പ് ഹൗസുകൾ കാര്യക്ഷമമാക്കുന്നതിനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ശുദ്ധീകരണശാലകളിലും പമ്പ് ഹൗസുകളിലും CCTV ക്യാമറ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.9886 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 86** -ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും കുടിവെള്ള ഗുണനിലവാര നിരീക്ഷണ ശാലകൾ മെച്ചപ്പെടുത്തുന്നതിനും എസ്.ടി.പി.കളിൽ നിന്നുള്ള മലിനജലം പരിശോധിക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് കുടിവെള്ള പരിശോധന നടത്തുന്നതിനായി ഒരു എസ്.ആർ.എ. ലാബ്, 14 ജില്ലാ ലാബുകൾ, 70 സബ് ഡിസ്ട്രിക്ട് ലാബുകൾ എന്നിവ ഉൾപ്പെടെ ആകെ 85 ലാബുകളാണുള്ളതെന്നും പ്രസ്തുത ലാബുകളിലെല്ലാം തന്നെ ഐ.എസ്.ഒ. സ്റ്റാൻഡേർഡ് അനുശാസിക്കുന്ന കുടിവെള്ള ടെസ്റ്റുകൾ ചെയ്യുന്നുണ്ടെന്നും ഭൂഗർഭജല വകുപ്പാണ് സ്കൂളുകളിലെ ലാബുകളിൽ കുടിവെള്ള പരിശോധന നടത്തുന്നതെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി അനുവദിച്ച ഒരു മൊബൈൽ ലാബിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായതിനാൽ ഉടൻ തന്നെ ഉപയോഗിക്കാൻ സാധിക്കുമെന്നും ഇത് കൂടാതെ അധികമായി രണ്ട് മൊബൈൽ ലാബിനുള്ള അനുമതികൂടി ലഭിച്ചിട്ടുണ്ടെന്നും ഭൂഗർഭ ജല വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ജലം പരിശോധിക്കുന്നതിനായി ഫീൽഡ് ടെസ്റ്റ് കിറ്റ് എന്നൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി എം.ഡി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത കിറ്റുകൾ ഉപയോഗിക്കുന്നത് കൂടാതെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെമിസ്ട്രി അദ്ധ്യാപകരുടെയും സഹകരണത്തോടെ പ്ലസ്ടു ലാബ് തന്നെ ഉപയോഗിച്ച് പരിശോധനകൾ നടത്താൻ സാധിക്കുന്ന സംവിധാനമൊരുക്കണമെന്നും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടതായ അവശ്യ ടെസ്റ്റുകൾ ഇത്തരത്തിൽ ചെയ്യുന്നതായിരിക്കും ഉചിതമെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മുൻകൈയ്യെടുക്കണമെന്നും സമിതി വിലയിരുത്തി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി

ലാബ് രൂപീകരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകിയാൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ പരിശീലനം കേരള വാട്ടർ അതോറിറ്റി സൗജന്യമായി നൽകുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി എം.ഡി സമിതിയെ അറിയിച്ചു. തുടർന്ന് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ ആവശ്യ ടെസ്റ്റുകൾ നടത്തുന്നതിനായി ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എം.എൽ.എ/എം.പി ഫണ്ട് വിനിയോഗിക്കത്തക്ക രീതിയിൽ ലാബ് രൂപീകരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രോജക്ട് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**2215 – 01–004–99** – ശുദ്ധജലവിതരണവും ശുചീകരണവും – ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.

കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനായി സോഫ്റ്റ്വെയർ ടീമിനെ സൃഷ്ടിച്ചുകൊണ്ട് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട് മാനേജ്മെന്റ്, കംപ്ലൈൻസ് എന്നീ മേഖലകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 – 01–190–99(19)– 31** – ശുദ്ധജലവിതരണവും ശുചീകരണവും ശുദ്ധജലവിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 765.59 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-99(19)- 36 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2056.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സോളാർ സംവിധാനത്തിലേയ്ക്ക് മാറിയാൽ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ സാധിക്കുമെന്നും ജലസ്രോതസ്സിനുമുകളിൽ ഫ്ലോട്ടിംഗ് പാനലുകളുപയോഗിച്ച് പ്രവൃത്തികൾ ചെയ്യാൻ സാധിക്കുമെങ്കിലും ഇതിനുവേണ്ടിയുള്ള പ്രാഥമിക മൂലധനച്ചെലവ് കൂടുതലാണെന്നും അനർട്ടുമായി ചേർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് വേൾഡ് ബാങ്കുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. സോളാർ സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിലെ ചെലവ് കുറയ്ക്കാൻ സാധിക്കുമെങ്കിലും ജലസേചനവുമായി ബന്ധപ്പെട്ട് എല്ലാ സ്ഥലങ്ങളിലും സോളാർ സംവിധാനത്തിലേയ്ക്ക് മാറുന്ന പ്രവൃത്തി പ്രാവർത്തികമാക്കാൻ സാധിക്കില്ലെന്ന് സമിതി വിലയിരുത്തി.

ഒരു വകുപ്പിന്റെ പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ നിലവിലുള്ള നോൺപ്ലാൻ വിഹിതവും പ്ലാൻ വിഹിതവും തമ്മിലുള്ള അന്തരം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നും പ്ലാൻ വിഹിതത്തിൽ ചെലവഴിക്കുന്ന തുകയേക്കാൾ കൂടുതൽ തുക നോൺപ്ലാൻ ഇനത്തിൽ ചെലവഴിക്കുന്നത് ഒരു വകുപ്പിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം ശരിയായ കീഴ്‌വഴക്കമല്ലെന്നും പ്ലാൻ വിഹിതം വർദ്ധിപ്പിച്ച് പ്രവൃത്തി ചെയ്ത് നോൺപ്ലാൻ വിഹിതവുമായി താരതമ്യം ചെയ്യേണ്ട സ്ഥിതിയിലേയ്ക്ക് വകുപ്പ് മാറണമെന്നും പ്ലാൻ വിഹിതത്തിൽ വർഷം

തോറും വളർച്ചയുണ്ടെങ്കിൽ മാത്രമേ നോൺപ്ലാൻ അടിസ്ഥാനത്തിൽ വകുപ്പ് നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്ന് പറയാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ വകുപ്പിന്റെ കാര്യക്ഷമത പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും പ്ലാൻ സ്കീം മെച്ചപ്പെടുത്തുകയും വേണമെന്ന് സമിതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പൊതുവായ നിർദ്ദേശം നൽകി.

**2215 -02-190-99 (02)-31 -** ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജലഅതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 16.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-190-99 (02)- 36** -ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 66.26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 91** -ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 7.37 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 85 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റൽ

പരമ്പരാഗത ജലസ്രോതസ്സുകളായ ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൈവരികളില്ലാതെയും പൊട്ടിപ്പൊളിഞ്ഞും കിടക്കുന്ന ഗാർഹിക കിണറുകളെ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾക്കായി അധിക തുക ആവശ്യപ്പെടുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പ്രവൃത്തികൾക്കായി എത്ര തുക കൊടുത്തു എന്നും ഇനി എത്ര തുക കൊടുത്തു തീർക്കാനുണ്ട് എന്നുമുള്ള കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ആവശ്യമാണെന്നും പ്രസ്തുത പ്രവൃത്തി നടക്കുന്നതെവിടെയെന്നത് സംബന്ധിച്ചോ ആർക്കാണ് നൽകിയത് എന്നത് സംബന്ധിച്ചോ വകുപ്പിന് ധാരണയില്ലായെന്ന് മനസ്സിലാക്കിയ സമിതി, ആയതിൽ അതൃപ്തി പ്രകടിപ്പിക്കുകയും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് വകുപ്പിന് താക്കീത് നൽകുകയും ചെയ്തു. ഇനിമുതൽ ശ്രദ്ധിക്കുന്നതാണെന്ന് ജലനിധി ഡയറക്ടർ സമിതിയെ അറിയിച്ചു.

**2215-01-003-99 -** ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പരിശീലനം - ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനായി ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജലസംബന്ധമായി ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജലശ്രീ ക്ലബിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞു. സംസ്ഥാനത്തെ 439 സ്കൂളുകളിൽ ജലശ്രീ ക്ലബുകൾ ആരംഭിച്ചിട്ടുണ്ടെന്നും ജൽജീവൻ മിഷന്റെ നിർവ്വഹണ ഏജൻസികളെ ഉപയോഗിച്ചാണ് ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിച്ചതെങ്കിലും ടീച്ചേഴ്സ് ട്രെയിനിംഗിന്റെ ഭാഗമായി സ്കൂളുകളിൽ മത്സരങ്ങളും മറ്റും കാര്യക്ഷമമായി നടത്തുന്നതിനും കൂടുതൽ സുസ്ഥിരമാക്കുന്നതിനുമായാണ് തുക വേണ്ടിവരുന്നതെന്നും പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ബ്രോഷർ, ഗൈഡ് ലൈൻ എന്നിവ തയ്യാറാക്കി പ്രിന്റ് ചെയ്തിട്ടുണ്ടെന്നും 2022-23 സാമ്പത്തിക വർഷം 15 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായുണ്ടായിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലായെന്നും ജില്ലാ സംസ്ഥാന തലങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നതെന്നും ആയതിന് ഭരണാനുമതി ലഭിച്ചുവെന്നും പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹാൾ വാടക, ഭക്ഷണം തുടങ്ങിയ ഉടനടി നിർവ്വഹിക്കണമെന്നതിനാൽ തുക മുൻകൂറായി ലഭിക്കേണ്ടതുണ്ടെന്നും ചെലവുകൾ അനുവദിക്കുന്ന മുറയ്ക്ക് വിപുലമായ രീതിയിൽ സംസ്ഥാനതല ഉദ്ഘാടനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജലനിധി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് എത്രയും

വേഗം സംസ്ഥാനതലത്തിൽ ഏകീകൃതമായി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. അപ്രകാരം ചെയ്യാമെന്ന് ജലനിധി ഡയറക്ടർ സമിതിയെ അറിയിച്ചു.

**ധനാഭ്യർത്ഥന നമ്പർ - XXIX [കൃഷി (ചെറുകിട ജലസേചനം)]**

**2702- 01- 800- 94- 02** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

താല്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 94- 34** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ജലസേചന പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികളുടെ നിർവ്വഹണത്തിനും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 86** -ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുന:സ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 98-(02)-34-3-** ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ - മറ്റിനം

ചെറുകിട ജലസേചന പദ്ധതികൾക്ക് വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 98 (03)-34 -3-** ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപണികൾ - മറ്റു ചെലവുകൾ - മറ്റിനം

പ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കും ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായും തുടർച്ചയായുണ്ടാകുന്ന മഴക്കെടുതികൾമൂലം തോടുകൾ, കനാലുകൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചന നിർമ്മിതികൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 95-** ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

നിലവിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലവിലുള്ള പ്രോജക്റ്റ് ഏരിയയിലെ ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി പ്ലാനിംഗ് ബോർഡ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് ഒറ്റത്തവണയായി വിനിയോഗിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തിയിരുന്നതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് അറുപത് വർഷത്തോളം പഴക്കമുള്ള നിർമ്മിതികളുടെ പുനരുദ്ധാരണത്തിനായി വരും വർഷങ്ങളിലും തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 'ഒറ്റത്തവണ സഹായം' എന്നത് ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**2702- 80- 005- 99-34 -3** -ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും- മറ്റു ചെലവുകൾ - മറ്റിനം

പുതുതായി അംഗീകാരം ലഭിച്ചതും ഇനി ലഭിക്കാനുള്ളതുമായ ചെറുകിട ജലസേചന പദ്ധതികളുടെ പര്യവേഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 97- (01)** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ (ജില്ലാ പദ്ധതി) - ചെറുകിട മരാമത്തുകൾ

ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും കൂടുതൽ ഇടങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുമായി പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 90** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ.

പമ്പ് ഹൗസുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ടി.ഒ.ഡി മീറ്റർ സ്ഥാപിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്താത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിക്കാറില്ലായെന്നും നവീകരണ പ്രവർത്തനങ്ങൾക്കായി നോൺ പ്ലാനിൽ കുറച്ച് തുക നൽകുന്നുണ്ടെന്നും ലിഫ്റ്റ് ഇറിഗേഷന്റെ പുതിയ സ്കീമാണെങ്കിൽ പ്ലാൻ ഫണ്ടിൽ തുക അനുവദിക്കുമെന്നും ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ മറുപടി നൽകി. തുടർന്ന് 2023-24 സാമ്പത്തിക വർഷം മുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായുള്ള തുക പ്ലാൻ ഫണ്ടിൽ ആവശ്യപ്പെടുന്നതിനു പകരം ലിഫ്റ്റ് ഇറിഗേഷന്റെ പുതിയ പദ്ധതിക്കുവേണ്ടി പ്ലാൻ ഫണ്ടിൽ തുക വകയിരുത്താൻ ആവശ്യപ്പെടണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**4702- 00- 101- 89** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

ജലസേചനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും മലബാർ മേഖലയിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 84 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - മുൻഗണനന പ്രവൃത്തികൾ

നിലവിലുള്ള ജലസേചന നിർമ്മിതികളുടെ നവീകരണ പ്രവൃത്തികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 82- (01)** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചനം പദ്ധതി ക്ലാസ്സ് II-മരാമത്തുകൾ

50 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചന സൗകര്യം കാര്യക്ഷമമായി ലഭ്യമാക്കുന്നതിനാവശ്യമായ ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 79- (01)** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും - പ്രവൃത്തികൾ

ജലസേചന സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി പുതിയ ചെക്ക്ഡാമുകളും ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 77- (01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ -മരാമത്തുകൾ

കാവേരി നദീതടത്തിലെ കബനി, പാമ്പാർ നദീതടങ്ങളിലെ തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം, ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട 21 പദ്ധതികളുടെ നിർമ്മാണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.1417 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വയനാട്ടിൽ വലിയ പ്രോജക്ടുകൾ സാദ്ധ്യമല്ലാത്തിനാൽ കാവേരി ജഡ്ജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ പാലിക്കുവാൻ ബുദ്ധിമുട്ടാകുമെന്ന തിനാൽ അവിടെ ചെറിയ പദ്ധതികളാണ് വിഭാവനം ചെയ്യപ്പെടേണ്ടതെന്നും അതിനനുസരിച്ചുള്ള പദ്ധതികൾക്കാനുപാതികമായുള്ള തുകയാണ് നീക്കി വയ്ക്കേണ്ടതെന്നും വലിയ പദ്ധതികൾക്കുപകരം ചെറിയ പദ്ധതികളുടെ എണ്ണം വർദ്ധിപ്പിച്ച് പരമാവധി പ്രവർത്തനക്ഷമമാക്കുകയാണ് വേണ്ടതെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് കാവേരിയിലെ ജലസംരക്ഷണത്തിന് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം അവിടെ ചെറിയ പദ്ധതികൾ കുറേക്കൂടി കാര്യക്ഷമമാക്കണമെന്നും ഇത്തരം പദ്ധതികൾ മുഖേന കഴിയുന്നത്ര ജലം ശേഖരിക്കുവാൻ ശ്രമിക്കുന്നതാണ് ഉചിതമെന്നും സമിതി വിലയിരുത്തി.

**4702- 00- 101- 73- (01)** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം-മരാമത്തുകൾ

തുടർച്ചയായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ പദ്ധതികളുടെ പമ്പ് ഹൗസുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉണ്ടാകുന്ന വൻതോതിലുള്ള നാശനഷ്ടം പരിഹരിക്കുന്നതിനും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 66** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെയും ജലസേചന നിർമ്മിതികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 65** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 63- (01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ - മരാമത്തുകൾ

ഹരിതകേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട കുളങ്ങൾ, ചിറകൾ എന്നിവയുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 05- 2-** ചെറുകിട ജലസേചനം - ഭൂഗർഭജലം -അന്വേഷണം ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

നിലവിൽ ഭൂജലവകുപ്പ് ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന ജലവിജ്ഞാനഭവൻ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 05-3-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

വകുപ്പിന്റെ എല്ലാ സബ് ഓഫീസുകളിലും നിലവിൽ ഇ-ഓഫീസ് സംവിധാനം വന്നുവെങ്കിലും KSWAN, K-PHONE എന്നീ സൗകര്യങ്ങൾ പ്രസ്തുത സബ് ഓഫീസുകളിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഇന്റർനെറ്റ്, ടെലിഫോൺ എന്നീ ചെലവിനങ്ങളിലായി നിലവിൽ വകയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 06-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - വാടക, കരം, നികുതി

കെട്ടിട വാടക, കെട്ടിട നികുതി എന്നീ ചെലവിനങ്ങളിലെ കുടിശ്ശിക ഒടുക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾ കുടിശ്ശിക സഹിതം ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 12-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി വകയിരുത്തിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 19-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - യന്ത്രോപകരണങ്ങൾ

ഭൂജലവകുപ്പിന് കീഴിലുള്ള റിഗ്ഗുകളുടെയും പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകളുടെയും പ്രവർത്തന ചെലവുകൾക്കായും ഡ്രില്ലിംഗ് റിഗ്ഗുകളുടെ അറ്റകുറ്റപണികൾ, പുതിയ ഡ്രില്ലിംഗ് സാമഗ്രികൾ വാങ്ങൽ തുടങ്ങിയ ചെലവുകൾക്കായും വകുപ്പിന്റെ കീഴിലുള്ള കുഴൽക്കിണർ നിർമ്മാണ യൂണിറ്റ് ഘടിപ്പിച്ചിരിക്കുന്ന 15 വർഷത്തിന് മുകളിൽ പഴക്കമുള്ള ട്രക്കുകൾ മാറ്റി പുതിയവ

വാങ്ങുന്നതിനായും ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 34-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - മറ്റു ചെലവുകൾ

വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Gap assessment നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്പ്യൂട്ടറുകൾ, അനുബന്ധ സാമഗ്രികൾ, കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പൈപ്പുകൾ, ഗ്രാവൽ, റിഗ്ഗുകൾ തുടങ്ങിയവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ തുക വകുപ്പിൽ നിക്ഷേപിച്ച് കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനായും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005- 99- 45-** ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - പി.ഒ.എൽ.

ഭൂജലവകുപ്പിന് കീഴിലുള്ള 36 റിഗ്ഗുകൾ, 4 പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനത്തിനായും ഭൂജല പര്യവേഷണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചിലവ്, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിനുള്ള ഇന്ധന ചിലവ് എന്നിവ വഹിക്കുന്നതിനായും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

15 വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിന്റെ 12 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളും 14 ഹെവി ഡ്യൂട്ടി വാഹനങ്ങളും മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായും ഭൂജല വകുപ്പ് ഡയറക്ടർ ഉപയോഗിച്ച് വരുന്ന 12 വർഷത്തിനുമേൽ

പഴക്കമുള്ള വാഹനത്തിന് തുടർച്ചയായി അറ്റകുറ്റപ്പണികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പുതിയ ഒരു ഇലക്ട്രിക് വാഹനം വാങ്ങുന്നതിനായും ഡ്രില്ലിംഗിന് ആവശ്യമായി വരുന്ന പൈപ്പുകൾ, ഗ്രാവൽ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ കുഴൽക്കിണർ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനായി നിലവിൽ ഉപയോഗിച്ച് വരുന്ന ലോറികളിൽ 3 എണ്ണം കാലപ്പഴക്കം ചെന്നതിനാൽ ആയവ മാറ്റി പുതിയവ വാങ്ങുന്നതിനായും ധനാഭ്യർത്ഥന നമ്പർ - XXIX-ന്റെ കീഴിൽ വരുന്ന **2702-02-005-99-21** എന്ന ശീർകത്തിൻ കീഴിൽ **(1)** – എന്ന ഉപശീർഷകം അനുവദിച്ച് ആയതിലേക്ക് 72 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭൂജല വകുപ്പിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി എല്ലാ ജില്ലകളിലും വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക ഇനത്തിലുള്ള തുക നൽകുന്നതിനായി ധനാഭ്യർത്ഥന നമ്പർ - XXIX-ന്റെ കീഴിൽ വരുന്ന **2702-02-005-99** എന്ന ശീർഷകത്തിൻ കീഴിൽ **(97)** എന്ന മൈനർ ശീർഷകം അനുവദിച്ച് ആയതിലേയ്ക്ക് 1.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 103- 99-** ചെറുകിട ജലസേചനം - ഭൂഗർഭജലം - കുഴൽ കിണറുകൾ - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 60 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും 300 കുഴൽക്കിണർ കൈ പമ്പുകളുടെ അറ്റകുറ്റപ്പണികൾക്കും 30 റീച്ചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 102- 94 -(01)**- ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 7500 കുടുബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 120 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 88-33-** ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുതശീർഷകവുമായി ബന്ധപ്പെട്ട കാര്യങ്ങളും വിനിയോഗ സാദ്ധ്യതകളുമെല്ലാം കൃഷി വകുപ്പുമായി ബന്ധപ്പെട്ടു വരുന്നതിനാൽ പ്രസ്തുത ശീർഷകം കൃഷി വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് മാറ്റുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ട സമിതി, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് പ്രസ്തുത ശീർഷകം പരിഗണിച്ച വേളയിൽ 2023-24 സാമ്പത്തിക വർഷം മുതൽ പ്രസ്തുത ശീർഷകം കൃഷി വകുപ്പിന് കൈമാറാൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകിയതിന്മേൽസ്വീകരിച്ച തുടർനടപടി സംബന്ധിച്ച് ആരാഞ്ഞു. പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് 16.08.2022-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ധനകാര്യ (അഗ്രി-ബി) വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതായി 06.12.2022-ലെ കത്ത് മുഖേന ധനകാര്യ (പി.എ.സി-എ) വകുപ്പിൽ നിന്നും അറിയിച്ചതല്ലാതെ ഇത് സംബന്ധിച്ച റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റിയിൽ ലഭ്യമാക്കിയിട്ടില്ലെന്ന വിവരം നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

തുടർന്ന് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിക്കുന്ന ഇത്തരം കാര്യങ്ങൾ കാലതാമസം വരുത്താൻ പാടില്ലായെന്നും അതിന്മേലെടുത്ത തീരുമാനങ്ങൾ സമിതിയെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ശീർഷകം കൃഷി വകുപ്പിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് മുൻ സാമ്പത്തിക വർഷം സമിതിയിലെടുത്ത തീരുമാനം ഒരു വർഷമായിട്ടും നടപടി സ്വീകരിക്കാതെ നടപ്പു സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകം ജലവിഭവ വകുപ്പിന് കീഴിൽ ഉൾപ്പെടുത്തിയതിൽ സമിതി അതൃപ്തി പ്രകടിപ്പിക്കുകയും ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പും കൃഷി വകുപ്പും യോജിച്ച് പ്രവർത്തിച്ച് പ്രസ്തുത വിഷയം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## <u>ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം)</u>

**2700-26-101-98-34-2-** വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി
(വാണിജ്യേതരം) -സംരക്ഷണപ്പണികൾ -
-മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-15-101-98-34-2-** ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി
(വാണിജ്യേതരം) - സംരക്ഷണപ്പണികൾ-
മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്.

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-80-052-98-02-5 -** ഇടത്തരം ജലസേചനം - ജനറൽ -
യന്ത്രോപകരണങ്ങൾ - വാഹനങ്ങളും
അറ്റകുറ്റപ്പണികളും - വേതനം -
ദിവസവേതനം.

ആലപ്പുഴ മെക്കാനിക്കൽ ഡിവിഷൻ വർക്ക്ഷോപ്പിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-80-052-98-34-3** - ഇടത്തരം ജലസേചനം - ജനറൽ -
-വാഹനങ്ങളും അറ്റകുറ്റപ്പണികളും
- മറ്റു ചെലവുകൾ- മറ്റിനം.

വകുപ്പ് പുതുതായി വാങ്ങിയ എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ അധിക ചെലവിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 -80 -001- 92-99** -ഇടത്തരം ജലസേചനം - ജനറൽ - ഭരണവും
നടത്തിപ്പും - വകുപ്പ് നവീകരണവും
ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.

വകുപ്പ് നവീകരണത്തിന്റെ ഭാഗമായി ഇ -ഓഫീസ്, ജി. ഐ. എസ്. പ്ലാറ്റ്ഫാം എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 - 01- 103- 99- 34- 3-** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -
വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് -
വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ-
സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01– 103– 98– 34– 3–** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റ പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 02– 103– 99– 34– 3–** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം മൂലം മൺസൂൺ മാസങ്ങളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണകെടുതികൾ നേരിടുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 02– 800–98** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

തീരദേശ സംരക്ഷണ പഠനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തീരദേശ സംരക്ഷണ പഠനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. തോട്ടപ്പള്ളിയിൽ പഠനം നടത്തിയതിന്റെ

അടിസ്ഥാനത്തിലുള്ള ഏറ്റവും പുതിയ റിപ്പോർട്ട് ഉടൻ ലഭ്യമാകുമെന്നും കോഴിക്കോട് കാപ്പാട് തീരദേശ സംരക്ഷണ പഠനം നടത്തിയിട്ടുണ്ടെന്നും തീര സംരക്ഷണ പ്രവൃത്തിക്കായി ആലപ്പാടിന് മാർച്ച് മാസത്തിൽ ഭരണാനുമതി നല്കാമെന്നും എന്നാൽ N.C.C.R (National Centre for Costal Research) -ൽ നിന്നും ഒരു പഠന റിപ്പോർട്ടുകൂടി ലഭ്യമായതിനു ശേഷമേ ശംഖുമുഖത്തെ തീരസംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുവാൻ സാധിക്കുകയുള്ളൂവെന്നും ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് മാർച്ച് മാസത്തിൽ ഭരണാനുമതി നല്കുന്ന കാര്യം ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കടലാക്രമണം തടയുന്നതിനായി അടിയന്തര പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ലായെന്നും തീരപ്രദേശത്തെ വീടുകളുടെ സംരക്ഷണത്തിനാ വശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നുണ്ടെങ്കിലും ഇതിനുവേണ്ടി തുക ചെലവഴിക്കപ്പെടുന്നില്ല എന്നും അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ 24 കിലോമീറ്റർ തീരപ്രദേശത്ത് യാതൊരു പ്രവൃത്തിയും നടന്നിട്ടില്ല എന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് അക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**4701 – 21 –800–96 –** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - തോട്ടപ്പള്ളി സ്പിൽവേ (വാണിജ്യേതരം)- മറ്റുചെലവുകൾ - സ്പിൽവേ.

തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ എറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകം പരിഗണിച്ച വേളയിൽ തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും മഴക്കാലത്തിനുമുമ്പ് ഷട്ടർ ഓപ്പറേഷൻ സാദ്ധ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**4711 – 01 -103-99-(01)** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ

തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ പ്രളയം മൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103-98-(01)**– വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് -വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തുപണികൾ .

തിരുവനന്തപുരം നഗരത്തിലെ കനാലുകളിലെയും തോടുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103-93** –വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല്- വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

മലബാർ മേഖലയിലെ ചെക്ക് ഡാം, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103-81** –വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - കേരള സുസ്ഥിര തീര സംരക്ഷണത്തിനും

കാലാവസ്ഥാ പ്രതിരോധനത്തിനും ഉള്ള ആസൂത്രണ പദ്ധതി -
ലോകബാങ്ക് / എ.ഡി.ബി സഹായ പദ്ധതി

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും മൂലം കടലിലെ ജലനിരപ്പ് ഉയരുന്ന പ്രതിഭാസം തുടരുന്ന സാഹചര്യത്തിൽ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം, വെള്ളപ്പൊക്ക സാധ്യത എന്നിവ കൃത്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി (Hard and soft solution) പ്രതിരോധിച്ച് തീരപ്രദേശം സംരക്ഷിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തികളും ഗ്രോയിനുകളും നിർമ്മിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാവേളയിൽ അടിയന്തര സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായി തീരസംരക്ഷണത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണമെന്നും വിശദമായ ചർച്ചയിലൂടെ തീരസംരക്ഷണം ഉറപ്പാകുകുന്നതിനാവശ്യമായ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**2700 – 02** – വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട ഗാർഡൻ പ്രവൃത്തികൾക്കായി 1 കോടി രൂപയും കനാൽ സംരക്ഷണം, മറ്റു ചിലവുകൾ എന്നിവയ്ക്കായി 10 കോടി രൂപയും വർക്ക് ചാർജ്ജ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നിലവിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക തുകയായ 12 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 11.17 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 03** – വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കനാലുകളുടെയും കാഡാ ചാലുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾ തദ്ദേശ സ്ഥാപനങ്ങൾ നടത്താത്തതിനാൽ ആയത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ 36.47 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 04** – വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണ പ്രവൃത്തികൾക്കായി 1 കോടി രൂപയും വൈദ്യുതി ചെലവിനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.02 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–05** – വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയുമായി ബന്ധപ്പെട്ട ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾക്കായും വൈദ്യുതി ചെലവിനത്തിലും പൂന്തോട്ട നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 83.44 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–12** – വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.8006 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-13** - വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഈ ശീർഷകത്തിൽ 2.20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-17** - വൻകിട ജലസേചനം - ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ കേടുപാട് തീർക്കുന്നതിനും ഫീൽഡ് ചാനലുകളുടെ അറ്റക്കുറ്റപ്പണികൾക്കായും MLIS, വൈദ്യുതി ചാർജ്ജ്, മൂലത്തറ റെഗുലേറ്ററിന്റെ വൈദ്യുതി ചാർജ്ജ്, ഇലക്ട്രിക് ഇൻസ്പെക്ടറുടെ ചാർജ്ജ് എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.8321 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-18** - വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 6.50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-25** - വൻകിട ജലസേചനം - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

മൂലത്തറ വലതുകര കനാലിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 15.74 ലക്ഷം രൂപ അധികമായി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-11** – ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-12** – ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഭവാനി ബേസിൻ ഡിവിഷൻ കാര്യാലയവും ഉപകാര്യാലയങ്ങളും സ്ഥിതിചെയ്യുന്ന കെട്ടിടം, ജീർണ്ണാവസ്ഥയിലുള്ള പഴയ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായും ഐ.ബി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായും ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-17** – ഇടത്തരം ജലസേചനം - ചേരമംഗലം പദ്ധതി (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-20** – ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികളുടെയും പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും ചെലവിനത്തിലും 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിത ചെലവിനത്തിലുമായി ഈ ശീർഷകത്തിൽ 6.49 ലക്ഷം രൂപ അധികമായി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 12 – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം)**

മെയിൻ കനാലിന്റെ 15 കി.മീ. മുതൽ 46.26 കി.മീ. വരെയുള്ള ദൈർഘ്യം, എടക്കാട്, കാട്ടാമ്പള്ളി, അഴീക്കോട് ബ്രാഞ്ച് കനാലുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 16.9757 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 13 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)**

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി അപകടാവസ്ഥയിലുള്ളതും 50 വർഷം പഴക്കമുള്ളതുമായ 603 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ലൈനിംഗ് ചെയ്ത് സുരക്ഷിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 28 – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)**

ബാണാസുര സാഗർ പദ്ധതിയിലെ പേരാൽ ലെഫ്റ്റ് ബ്രാഞ്ച്, വീട്ടിക്കാമൂല, വെണ്ണടിയോട്, കുപ്പാടിത്തറ, കുറുമ്പാല എന്നീ റഗുലേറ്ററുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഭരണ ചെലവിനത്തിലുമായി ഈ ശീർഷകത്തിൽ 52.31 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –13** **-** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

കബനി-കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന വിവിധ ഓഫീസ് ചെലവിനങ്ങളിലായി ഈ ശീർഷകത്തിൽ 20.63 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –17–** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
ചേരമംഗലം പദ്ധതി (വാണിജ്യതരം)

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 – 18– -** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
- ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

ചമ്രവട്ടം പ്രോജക്റ്റിന്റെ ഭരണച്ചെലവിനത്തിൽ 3.06 കോടി രൂപയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികൾ, പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ, 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാ നുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവയുടെ ചെലവുകൾക്കായി 29.862 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 32.922 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –80 –800–72** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
- ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ
ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ്
ചാനലുകളുടെയും, ഡ്രൈനുകളുടെയും ആധുനികവത്കരണം

കാഡാ കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700 – 01** – വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയിലുൾപ്പെട്ട, കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ, കനാലുകളുടെ ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–11** – വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.1111 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–14** – വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയിലുൾപ്പെട്ട കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായ കനാലുകളുടെ ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ 2023-24 സാമ്പത്തിക വർഷത്തെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 10.1226 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700–16** – വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 4.0203 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-27** - വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായ 912 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയിലൂടെ ജലവിതരണം സുഗമമാക്കുന്നതിനുള്ള ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 12.1367 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-02** - ഇടത്തരം ജലസേചനം - ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 6.0113 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-03** - ഇടത്തരം ജലസേചനം - ചീരക്കുഴി പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.2556 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-14** - ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം)

DRS-ലുള്ള വർദ്ധനവ്മൂലം എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ ചിമ്മിണി പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 3.3115 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്ത ണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -20 - 800-92** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
ഇടമലയാർ പദ്ധതി (വാണിജ്യേതരം)-
മറ്റുചെലവുകൾ - കനാലുകൾ

ഇടമലയാർ ജലസേചന പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 7.5 കിലോമീറ്റർ ദൈർഘ്യമുള്ള ലിങ്ക് കനാലിന്റെ പൂർത്തീകരണത്തിനും അതിനോടനുബന്ധിച്ച സ്ഥലമെടുപ്പിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -22-800-98** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-
റിസർവോയർ

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 46.2 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -22-800-97** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-
അണക്കെട്ടും അനുബന്ധ പണികളും.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 8.09 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-93** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-
കെട്ടിടങ്ങൾ

പ്രസ്തുത പദ്ധതിയിലുൾപ്പെട്ടുവരുന്ന പിറവം, മൂവാറ്റുപുഴ കാര്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മുട്ടം, പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളിലെ ഇൻസ്പെക്ഷൻ

ബംഗ്ലാവിന്റെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 26.81 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-92** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-
മറ്റുചെലവുകൾ-കനാലുകൾ (വോട്ട് ചെയ്തത്)

പ്രസ്തുത പദ്ധതിയിലുൾപ്പെട്ടുവരുന്ന വലതുകര, ഇടതുകര മെയിൻ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.3535 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-92** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-
മറ്റുചെലവുകൾ- കനാലുകൾ (ചാർജ്ജ് ചെയ്തത്)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായുള്ള ചെലവിനത്തിൽ ഈ ശീർഷകത്തിൽ 2.1183 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-91** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ
-ബ്രാഞ്ചുകൾ (വോട്ട് ചെയ്തത്)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ബ്രാഞ്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.1697 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-91** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-
മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ
-ബ്രാഞ്ചുകൾ (ചാർജ്ജ് ചെയ്തത്)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 17.39 ലക്ഷം രൂപ അധികമായി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-90** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ - ഡിസ്ട്രിബ്യൂട്ടറികൾ- (വോട്ട് ചെയ്തത്)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഡിസ്ട്രിബ്യൂട്ടറികളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 4.6433 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700-22-800-90** - വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ ഡിസ്ട്രിബ്യൂട്ടറികൾ- (ചാർജ്ജ് ചെയ്തത്)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.9303 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701-25-800-97** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പാമ്പാർ ബേസിൽ പ്രോജക്ട്സ് - മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സാഡിൽ ഡാമിന്റെയും റോക്ക് ഫിൽ ഡാമിന്റെയും പണികൾ പൂർത്തീകരിക്കുന്നതിനായുള്ള അധിക ചെലവിനത്തിൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700- 80-005-99 -02** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - സർവ്വേയും - അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തു പണികൾ

കബനി ബേസിനിലെ തൊണ്ടാർ, കടമാൻ തോട് എന്നീ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 1.40-ന് യോഗം അവസാനിച്ചു.

## 7. 22.02.2023-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2023 ഫെബ്രുവരി മാസം 22-ാം തീയതി ഉച്ചയ്ക്കുശേഷം 02.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ. ജെ. മാക്സി
2. ശ്രീ. എച്ച്. സലാം
3. ശ്രീ. ടി. സിദ്ദിഖ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥൻ**

ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ
ആൻഡ് കുട്ടനാട് പാക്കേജ്, ആലപ്പുഴ

കുട്ടനാട് പാക്കേജിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു. 2023-24 സാമ്പത്തിക വർഷം കുട്ടനാട്ടിൽ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 100 കോടി രൂപയും ആലപ്പുഴ, കോട്ടയം ജില്ലകളിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 37 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി അനുവദിച്ച 20 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടെന്നും നബാർഡ്

സഹായത്തോടെയുള്ള 31 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് മറുപടി നൽകി. തുടർന്ന് സമിതി, 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം അവസാനിച്ചു.

........